# ജാമക്കാരൻ
# JAMAKKARAN

VOLUME - 7 Reg NO.TNBIL/2016/70171 ISSUE - 4

APRIL - 2023 TAMIL & MALAYALAM

ANNUAL SUBSCRIPTION - Rs.60/= FOREIGN - Rs.600/=

(ജാമക്കാരനിൽ) സകലവും ശോധന ചെയ്ത് നല്ലത് മുറുകെ പിടിപ്പിൻ (1 തെസ: 5:21)

പ്രയോജനമുള്ളതു ഒന്നും മറച്ചുവച്ചിട്ടില്ല (അ.പ്ര.20:20).

ആത്മീകനോ സകലത്തെയും വിവേചിക്കുന്നു; താൻ ആരാലും വിവേചിക്കപ്പെടുന്നതുമില്ല. (1 കൊരി:2:15) (ആത്മീയ മനുഷ്യൻ എല്ലാകാര്യങ്ങളും വിവേചിച്ചറിയുന്നു; അവനെ വിധിക്കാൻ ആർക്കും സാധിക്കുകയുമില്ല - ത്തോലിക്ക വേദപുസ്തകം).

0427 - 2387499. E-mail : jamakaran@yahoo.com. Fax: 0427- 2386464. www.jamakaran.com

Mob.: No. 9894261333



കർത്താവിൽ പ്രിയരെ,

നിങ്ങൾക്ക് ഏവർക്കും സമാധാനം ഉണ്ടായിരിക്കട്ടെ.

ഈ മാസം മാർച്ച്, ഏപ്രിൽ രണ്ടുമാസത്തെ ജാമക്കാരനും ഒന്നായി ചേർത്തു അയക്കുന്നു. കഴിഞ്ഞ മാസം ജാമക്കാരനിൽ ബ്രദർ ആർ. സ്റ്റാൻലി (BYM സ്ഥാപകൻ) അവർകൾ രോഗക്കിടക്കയിലെ അദ്ദേഹത്തിന്റെ അനുഭവങ്ങൾ പറഞ്ഞിരുന്നു. ഈ പ്രാവശ്യം ആ അനുഭവത്തോടു വചനത്തെയും താരതമ്യപ്പെടുത്തി തന്റെ സ്വന്ത ജീവിതത്തിൽ വചനങ്ങൾ എത്രമാത്രം പ്രയോജനമായിരുന്നു. തന്റെ ആത്മാവിനെ എത്രമാത്രം ബലപ്പെടുത്തി എന്നു വിവരിച്ചു എഴുതിയിരിക്കുന്നു. അതിന്റെ തുടർച്ച ഈ മാസ ജാമക്കാരനിലും വായിക്കുന്നത് നിങ്ങൾക്കു പ്രയോജനപ്പെടും എന്നു ഞാൻ വിശ്വസിക്കുന്നു.

# APRIL - 2023

## എന്റെ ദൈവവേല വിവരങ്ങൾ

☐ കഴിഞ്ഞ ജനുവരിയിൽ നിന്ന് എന്റെ ദൈവവേലയുടെ വിവരങ്ങൾ പ്രാർത്ഥിക്കാനും സ്തുതിക്കാനും എഴുതുന്നു. ഇതുവരെ നടന്ന എല്ലാ ദൈവവേലകളും അനുഗ്രഹപ്രദമായിരുന്നു.

കോയമ്പത്തൂർ (ട്രിച്ചി റോഡ്) സി.എസ്.ഐ. ക്രൈസ്റ്റ് ചർച്ചിൽ ലെന്ത്ദിവസങ്ങൾ അല്ലാത്ത ആഴ്ചയിൽ പ്രത്യേക ബൈബിൾ സ്റ്റഡിയായി മൂന്നു ദിവസയോഗങ്ങൾ ഏർപ്പാടു ചെയ്തിരുന്നു. രണ്ടാം ദിവസം രാത്രി നടന്ന യോഗത്തിൽ പരിശുദ്ധാത്മാവു എന്നെ പ്രത്യേകമായി പ്രേരിപ്പിച്ചതുകൊണ്ടു അന്നുരാത്രി മാത്രം തുടർന്ന് രണ്ടു മണിക്കൂർ 7 മിനിറ്റ് ഞാൻ പ്രസംഗിച്ചു. മൈതാനത്തിൽ കൂട്ടം അനങ്ങിയില്ല. നല്ലവണ്ണം ശ്രദ്ധിച്ചു. അച്ചന്മാരോ കൂട്ടം ഏർപ്പാടു ചെയ്ത ആളുകളോ എന്നെ തടഞ്ഞില്ല. മാത്രമല്ല എന്റെ പ്രസംഗം യു ട്യൂബിൽ ലോകം മുഴുവൻ കാണാനും കേൾക്കാനും അവർ പരസ്യപ്പെടുത്തി. അതുകൊണ്ടു നോർവേയിൽ നിന്നും ലണ്ടനിൽ നിന്നും ധാരാളം പേർ ഫോണിൽ ബന്ധപ്പെട്ടു. കഴിഞ്ഞ മൂന്നു വർഷങ്ങളായി ഡോക്ടറേയും പ്രസംഗവും കാണാനും കേൾക്കാനും സാധിക്കാതിരുന്നു. പക്ഷെ യു ട്യൂബു വഴി ഡോക്ടറെ കാണാൻ സാധിച്ചു എന്നു പറഞ്ഞു.

അടുത്ത മൂന്നുദിവസം ബാംഗ്ലൂർ ജയ്നഗർ സി.എസ്.ഐ. പള്ളിയിലും പ്ലാറ്റ് മെമ്മോറിയൽ സി.എസ്.ഐ. പള്ളിയിലും ദുഃഖവെള്ളി ആരാധനയിൽ 7 മൊഴികളെയും ഒരുമിച്ചു പ്രസംഗിച്ചു. രാവിലെ 7.30 മണി മുതൽ 11 മണിവരെ ഒരു പള്ളിയിലും 11 മണി മുതൽ 3 മണി വരെ അടുത്ത സി.എസ്.ഐ. പള്ളിയിലും അതേ 7 മൊഴികളും പ്രസംഗിച്ചു. 8 മണി ആരാധനയിൽ പ്രസംഗം കേട്ടവർ 11 മണിക്കു പ്രസംഗിച്ച മറ്റൊരു സി.എസ്.ഐ. പള്ളിയിലും ധാരാളം പേർ പ്രസംഗം കേൾക്കാൻ കൊതിയോടെ സംബന്ധിച്ചു. 8 മണി ആരാധനയിൽ പ്രസംഗിച്ച അതേ പ്രസംഗം 11 മണിക്കു പ്രസംഗിച്ച പള്ളിയിലും പ്രസംഗിച്ചാൽ ഒരേമാതിരി പ്രസംഗം രണ്ടാം പ്രാവശ്യം കേട്ടു

മുഷിഞ്ഞു പോകാൻ സാദ്ധ്യതയുണ്ട്. അതുകൊണ്ട് 2–ാം പ്രസംഗത്തിൽ 7 മൊഴികൾക്കും വ്യത്യാസമായ വ്യാഖ്യാനം കൊടുത്തു ചരിത്രവുമായി ബന്ധപ്പെട്ട വിഷയങ്ങളേയും ഓരോരോ മൊഴികൾക്കും വിവരിച്ചു പറഞ്ഞു. അച്ചന്മാരും വളരെ സന്തോഷിച്ചു പുകഴ്ത്തി പറഞ്ഞു. ഓരോരോ പള്ളി ആരാധനയിലും ധാരാളം പേർ തന്റെ കുറവുകളെ ഉണർത്തപ്പെട്ടു ദൈവത്തിനു തന്നെത്തന്നെ ഏല്പിച്ചു ദൈവത്തിന് മഹത്വം ഉണ്ടാകട്ടെ.

## 2023 എന്റെ കൺവെൻഷൻ വിവരങ്ങൾ

**2023 ജനുവരി**

**മധുര** സി.എസ്.ഐ. ഡയോസിസ് **ഇളംതോപ്പു** സി.എസ്.ഐ. കൺവെൻഷൻ.

**തൂത്തുക്കുടി** സി.എസ്.ഐ. ഡയോസിസ് **പിച്ചിവിളൈ** സി.എസ്.ഐ. സഭാകൺവെൻഷൻ.

**ഫെബ്രുവരി**

**കന്യാകുമാരി** ഡിസ്ട്രിക് **കുലശേഖരം** സാൽവേഷൻ ആർമി വാർഷിക കൺവെൻഷൻ.

**തിരുനെൽവേലി** സി.എസ്.ഐ. ഡയോസിസ് **എൻ.ജി.ഒ.ബി. കോളനി** സി.എസ്.ഐ. കൺവെൻഷൻ.

**മാർച്ച്**

**കോയമ്പത്തൂർ** സി.എസ്.ഐ. **ഡയോസിസ് ആഡ്സ മെമ്മോറിയൽ (ADDS) സി.എസ്.ഐ. ചർച്ച്** കൺവെൻഷൻ.

**മധുരൈ** സി.എസ്.ഐ. ഡയോസിസ് **ശിവകാശി റാജ്ലാന്റ്** സി.എസ്.ഐ. കൺവെൻഷൻ.

**ഏപ്രിൽ**

**കോയമ്പത്തൂർ** സി.എസ്.ഐ. ഡയോസിസ് **ക്രൈസ്റ്റ് ചർച്ച് സി.എസ്.ഐ.** കൺവെൻഷൻ.

**ബാംഗ്ലൂർ** സെൻട്രൽ കർണ്ണാടക സി.എസ്.ഐ. ഡയോസിസ് കൺവെൻഷൻ. ഇവിടെ **രണ്ടു സി.എസ്.ഐ. സഭകളിലും** (Good Friday) പ്രസംഗിച്ചു. വൈകിട്ട് പൊതുയോഗം ഉണ്ടായിരുന്നു. ശനി, ഞായർ ഈസ്റ്റർ പ്രസംഗവും അതുപോലെ രണ്ടു സഭകളിലും അടുത്തടുത്തു പ്രസംഗിച്ചു.

**തൂത്തുക്കുടി** സി.എസ്.ഐ. ഡയോസിസ് (Toovipuram) **തൂവിപുരം** സി.എസ്.ഐ. കൺവെൻഷൻ.

ഏപ്രിൽ 6–ാം തീയതി **ഒരു ദിവസഉപവാസയോഗം തൂത്തുക്കുടി** ഡയോസിസ് **നായന്നൂർ** എന്ന സ്ഥലത്തുവച്ച്. ഡയോസിസിലുള്ള എല്ലാ **അച്ചന്മാർക്കും** വേണ്ടി ഡയോസിസിൽ **സമാധാനം ഉണ്ടാകുവാൻ** ഉപവസിച്ചു പ്രാർത്ഥിച്ചു.

**തൂത്തുക്കുടി** സി.എസ്.ഐ. ഡയോസിസ് **പ്രകാശപുരം** സി.എസ്.ഐ. ചർച്ച് കൺവെൻഷൻ.

**തൂത്തുക്കുടി** സി.എസ്.ഐ. ഡയോസിസ് **ഉക്കിരംകോട്ടൈ** സി.എസ്.ഐ. കൺവെൻഷൻ.

**സി.എം.എസ്.** സഭയുടെ വാർഷിക കൺവെൻഷൻ **സായർപുരം.**

2023 –ൽ നടക്കാൻ പോകുന്ന എന്റെ എല്ലാ കൺവെൻഷനു വേണ്ടിയും പ്രാർത്ഥിക്കണമേ.

- ഇതുവരെ എനിക്കുവേണ്ടി പ്രാർത്ഥിച്ചവർ, എന്റെ വേലയിൽ പങ്കാളികളായവർ എല്ലാവർക്കും നന്ദി. നിങ്ങൾക്കുവേണ്ടി ഞാൻ തുടർന്നും പ്രാർത്ഥിക്കും. **ഡോ. പുഷ്പരാജ്**

## ONLINE BANKING (NEFT)

**Name : M G E PUSHPARAJ**

**STATE BANK OF INDIA**

IFSC CODE - IFSC SBIN0001970 -10764116842 **A/C No: 10764116842**

SWIFT CODE - SBININBB300 **A/C No: 10764116842**

**CANARA BANK - SALEM** (SURAMANGALAM BRANCH)

IFSC CODE - IFSC CNRB0001219- 1219101013622. **A/C No: 1219101013622.**

SWIFT CODE - CNRB0001219 -1219101013622. **A/C No: 1219101013622.**

**ജാമക്കാരൻ കുറിപ്പ് :**

കഴിഞ്ഞമാസ ജാമക്കാരനിൽ BYM മിഷനറി സ്ഥാപകൻ **ആർ. സ്റ്റാൻലി** അവർകൾക്കു മൂന്നു പ്രാവശ്യം നടന്ന 7 മണിക്കൂർ ഹൃദയ ഓപ്പറേഷൻ സമയത്തിൽ മരണാവസ്ഥയിൽ, അദ്ദേഹം അനുഭവിച്ച ആത്മീക അനുഭവങ്ങളെ വേദവചനത്തോടു താരതമ്യപ്പെടുത്തി എഴുതിയിരുന്നു. **ഹൃദയം** എന്നാൽ എന്ത്? ബൈബിളിൽ കർത്താവ് പ്രതീക്ഷിക്കുന്ന ഹൃദയം എങ്ങനെ ഉണ്ടായിരിക്കണം എന്നും എഴുതിയിരുന്നു. ഹൃദയം തന്നെ മുഴുശരീരത്തെയും നിയന്ത്രിക്കുന്ന സെൻട്രൽ പ്ലെയിസ് ആകുന്നു. അത് ഓരോരോ വിശ്വാസിയും എങ്ങനെ സംരക്ഷിക്കണം എന്നുള്ളതിനെ കുറിച്ചാണ് എഴുതിയിരിക്കുന്നത് (കഴിഞ്ഞമാസ ലേഖനത്തിന്റെ തുടർച്ചയാണ് ഇത്).

# എന്റെ ബലഹീനതകൾ

ദൈവം എനിക്കു ബലമായവൻ ഇപ്രകാരമുള്ള പല വാചകങ്ങൾ ബൈബിളിൽ പല ഭാഗങ്ങളിലും ഉണ്ട്. മോശ പാടുന്ന പാട്ടുകളിൽ ഈ വാക്കുകൾ ആദ്യമായി പറയുന്നതു നമുക്കു വായിക്കാം (പുറ. 15:1–2). കർത്താവിനെ ഞാൻ പാടും അവൻ മഹിമയായ് ജയം എടുത്തു കർത്താവു എൻ ബലവും ഗീതവുമായവൻ. അതേപോലെ പറഞ്ഞത് ദാവീദ് 2 ശമു. 22:33 ദൈവം എനിക്കു ബലവും കോട്ടയുമായി ഇതേ വാക്ക് സങ്കീ. 18:2, 28:7, സങ്കീ. 118:16 ദാവീദ് പല സ്ഥലങ്ങളിൽ ഇങ്ങനെ പറയുന്നു. സങ്കീർത്തനത്തിൽ ഇതുപോലെ സങ്കീ. 19:14, 22:15, 19:27, 43:2, 46:1, 59:17, 62:7, 73:26, 81:1, 140:7, 144:1 എഴുതിയിരിക്കുന്നു. യെശയ്യ 49:5, യിരെ. 16:19,

ഹബക്കുക്ക് 3:49 ഇങ്ങനെ നമുക്ക് ബൈബിളിൽ വായിക്കാം. പുതിയനിയമപുസ്തകത്തിൽ വ്യക്തികൾ തങ്ങളുടെ ജീവിതത്തിൽ ദൈവത്തിന്റെ ബലത്തെ അനുഭവിച്ചിരിക്കുന്നു. കർത്താവിൽ ബലപ്പെടുവിൻ എന്ന ആലോചനയും ഉണ്ട്. പക്ഷെ കർത്താവു തന്നെ എന്റെ ബലം എന്ന വാചകം ഇല്ല എഫെ. 6:10.

ശരീരരീതിയായി, ധനരീതിയായി, മനരീതിയായി, ആത്മീക രീതിയായ ബലക്കുറവുകൾക്ക് നാം അപരിചിതരല്ല. തങ്ങളുടെ ബലഹീനങ്ങളെ ചിലർ മാത്രം അറിയിക്കും. പലർ ജനങ്ങൾ തങ്ങളെ വളരെ മോശമായി വിചാരിക്കുമോ എന്നു വിചാരിച്ചു പലർ മൗനമായിരിക്കുന്നു. തങ്ങളുടെ ബലഹീനങ്ങളെ ദൈവമുൻപിൽ സമ്മതിക്കുന്നവർക്കാണ് മറ്റുള്ളവരെക്കാൾ ബലം കിട്ടുന്നത് എന്നതാണ് എന്റെ സ്വന്ത അനുഭവത്തിൽ ഞാൻ കണ്ടത്. നമ്മുടെ ബലഹീനതകളെ പുറത്തറിയിക്കേണ്ട കാര്യമില്ല പക്ഷെ ദൈവത്തോടു അറിയിക്കണം. നമ്മെ മുതുകിൽ കൂനാക്കത്തില്ല എന്നുള്ള ആളുകളോടു പറയുന്നത് ആവശ്യമായ ബലം ലഭിക്കാൻ കാരണമാകും (സങ്കീ. 6:2, 29:11, യിരെ. 31:27). തങ്ങളുടെ ബലഹീനതളെ ലേഖനത്തിൽ എഴുതുന്ന വിധത്തിൽ ഒളിവും മറവും ഇല്ലാതിരുന്നു. അവർ തങ്ങളെ ബലഹീനരുടെ കൂട്ടത്തിൽ ഉൾപ്പെടുത്തി ജീവിച്ചു (2 കൊരി. 11:29). നാം എല്ലാവരും ബലക്കുറവു ഉള്ളവർ തന്നെ. അവരവർക്കു വെവ്വേറെ ഭാഗങ്ങൾ ബലഹീനത ഉണ്ടാകുന്നു അത്രതന്നെ. പലവിധ ബലഹീനതകളോടു പോരാടുന്ന വിശ്വാസികളുടെ പേരിലും എന്റെ സ്വന്തപേരിലും ഞാനിതെഴുതുന്നു. പോരാട്ടത്തിൽ വിഷമിക്കുന്ന ഞങ്ങളോടു ചേർന്നുകൊള്ളാൻ നിങ്ങളെയും ഞാൻ വിളിക്കുന്നു. നമ്മുടെ ദൈവമാണ് നമുക്കു ബലമായവൻ എന്നതുതന്നെ എല്ലാ ബലഹീനതകൾക്കും അവസാനം പരിഹാരം. **എന്റെ മാംസം ബലഹീനമായത്** എനിക്കുള്ളതു ബലമുള്ള ആത്മാവും പക്ഷെ എന്റെ ജഡം ബലഹീനമായത്. തന്റെ ശിഷ്യന്മാരോടു യേശു ഇതു പറഞ്ഞിട്ടുണ്ട്. ആത്മാവ് ഒരുക്കമുള്ളതു പക്ഷെ ജഡം ബലഹീനമായത് (മത്താ. 26:41, മർക്കോ. 16:38). പരീക്ഷകളിൽ നിന്ന്

രക്ഷപ്പെട്ടു ഓടണം എന്നു ഞാൻ പല തീരുമാനങ്ങൾ എടുക്കുന്നു ചില ദിവസങ്ങൾ ആഴ്ചകൾ ഞാൻ ജയിക്കുന്നു. വീണ്ടും അതേ പരീക്ഷകളിൽ വീണുപോകുന്നു. ഇതേമാതിരി പോരാട്ടം ഉണ്ടായിരുന്ന പൗലോസ് പറയുന്നതു ഞാൻ സമ്മതിക്കുന്നു. തെറ്റായതു എന്നെ വലിച്ചിഴക്കുമ്പോൾ പൗലൂസിന്റെ സാക്ഷി എന്നെ ഉത്സാഹപ്പെടുത്തുന്നു (റോമ. 7:15,18,19). **ആകയാൽ അതിനെ പ്രവർത്തിക്കുന്നതു ഞാനല്ല എന്നിൽ വസിക്കുന്ന പാപമത്രേ, എന്നിൽ എന്നു വച്ചാൽ എന്റെ ജഡത്തിൽ നന്മ വസിക്കുന്നില്ല എന്നു ഞാൻ അറിയുന്നു. നന്മ ചെയ്‌വാനുള്ള താല്പര്യം എനിക്കുണ്ട് പ്രവർത്തിക്കുന്നതോ ഇല്ല. ഞാൻ ചെയ്‌വാൻ ഇച്ഛിക്കുന്ന നന്മ ചെയ്യുന്നില്ലല്ലോ ഇച്ഛിക്കാത്ത തിന്മയത്രേ പ്രവർത്തിക്കുന്നത്. ഞാൻ ഇച്ഛിക്കാത്തതിനെ ചെയ്യുന്നു എങ്കിലോ അതിനെ പ്രവർത്തിക്കുന്നതു ഞാനല്ല എന്നിൽ വസിക്കുന്ന പാപമത്രേ.**

ഇന്നും എനിക്കുള്ളിൽ പാപസ്വഭാവം ഉണ്ടെന്ന് ഞാൻ സമ്മതിക്കുന്നു. അത് എന്നിൽ നിന്നു നീക്കപ്പെട്ടിട്ടില്ല. യേശു എന്നെ രക്ഷിച്ചപ്പോൾ പാപത്തിൽ ശിക്ഷയിൽ (Penality) നിന്നു ഞാൻ വിടുവിക്കപ്പെട്ടു (റോമ. 6:23). പക്ഷെ പാപത്തിന്റെ ശക്തിയോ ഇന്നും എനിക്കെതിരായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. എന്റെ മരണം വരെ ഈ പോരാട്ടം തുടരും. ഈ സത്യത്തെ നിങ്ങളുടെ മുമ്പിൽ ഞാൻ മറച്ചാൽ എന്നെ ഞാൻ വഞ്ചിക്കുന്നു. (1 യോഹ. 1:8) അതായത് പാപ സ്വഭാവം നശിപ്പിക്കപ്പെട്ടിട്ടില്ല (eradication) പാപത്തിൻ ശക്തിയിൽ നിന്നു വിടുതൽ അനുഭവിച്ചുകൊണ്ടിരിക്കുന്നു (emancipation) ഈ സത്യത്തെ ഞാൻ മറന്നുപോയാൽ രക്ഷയുടെ സന്തോഷത്തെയും ഞാൻ നഷ്ടപ്പെടുത്തും. പിന്നെ കുറ്റമനസാക്ഷിയോടു ജീവിച്ചുകൊണ്ടിരിക്കും (guilt trip).

റോമ : 7 –ൽ നിന്നു മുകളിൽ പറഞ്ഞ പൗലൂസിന്റെ വാചകത്തെ ഞാൻ എന്റെ പരീക്ഷകൾക്കു തുടർന്നു ചെയ്യുവാൻ ഒരു പരിചയായി ഉപയോഗിക്കാൻ പാടില്ല. പൗലൂസ് തന്റെ മനസ്സിനും ശരീര അവയവത്തിനും

ഇടയിൽ തുടങ്ങുന്ന പോരാട്ടത്തെ വിവരിച്ചു പറഞ്ഞശേഷം വിടുതലിനുവേണ്ടി കരഞ്ഞു നിലവിളിക്കുന്നു.

ഒടുവിൽ തന്റെ ഈ പ്രയാസത്തിന് കർത്താവായ യേശു തന്നെ. മറുപടി എന്നു കണ്ടുപിടിച്ചു (റോമ. 7:25). എന്നാൽ ഇതിന്റെ അർത്ഥം എന്താണ്? പാപം ചെയ്യാൻ പാടില്ല എന്നു പറയാൻ തീരുമാനിക്കണം എന്റെ ഉള്ളിലെ ക്രിസ്തുവിൻ ആത്മാവ് എനിക്ക് ബലം തരുന്നു (റോമ. 8:2,9). ഈ ഉള്ളിലെ ബലം തന്നെ കൃപ എന്നുള്ളതാണ്. കൃപയിന്മേൽ നാം ചാരിയിരുന്നാൽ തന്നെ പാപം നമ്മെ കീഴ്പ്പെടുത്താൻ സാധിക്കില്ല (റോമ. 6:14, തീത്തോ. 2:11–13). ജഡമോഹം ആഗ്രഹം നിറഞ്ഞ നോട്ടം. തൃപ്തിയുള്ള ജീവിതത്തിന്റെ നിഗളം എന്നുള്ള മൂന്നു പ്രധാന പാപങ്ങളെക്കുറിച്ചു വേദപുസ്തകത്തിൽ എഴുതിയിരിക്കുന്നല്ലോ എന്നു പിശാചിന്റെ മുഖത്തടിച്ചതുപോലെ പറഞ്ഞ് ജയമെടുത്തതുപോലെ ഞാൻ എന്റെ ഉള്ളിൽ ഓർമ്മപ്പെടുത്തിക്കൊണ്ടിരിക്കണം (മത്താ. 4:10, 1 യോഹ. 2:16). പാപത്തെ ജയിക്കാൻ സഹായിക്കുന്ന ബൈബിൾ വചനത്താൽ ഞാൻ എന്നെ നിറച്ചുകൊള്ളണം (സങ്കീ. 119:11). ദൈവത്തിന്റെ ഈ വാക്കുകൾ എന്റെ ഉള്ളിലാക്കുമ്പോഴാണ് ഞാൻ ബലവാനാകുന്നത് (1 യോഹ. 2:16–17).

വ്യഭിചാരത്തെ വിട്ട് യോസേഫ് ഓടിപ്പോയി. അതോടൊപ്പം അനന്യാസ് മിശായേൽ അസ്സറിയ എന്നുള്ളവർ വിഗ്രഹ ആരാധന വിട്ടു ഓടിയതു മാതിരിയുള്ള കാര്യങ്ങൾ ബൈബിളിൽ നിന്ന് നമ്മുടെ കണ്ണുകൾക്കു മുൻപിൽ നാം നിർത്തിക്കൊള്ളണം (ഉല്പ. 39:1–12, ദാനി. 3:13–19). വിഭ്യചാരം, വിഗ്രഹാരാധന എന്ന രണ്ടു പാപങ്ങളും വിട്ടു ഓടണം എന്ന മുന്നറിയിപ്പ് എനിക്ക് ഉണ്ട് (2 തിമത്തി. 2:22, 1 കൊരി. 10:14). യാദൃശ്ചികമായ ആദ്യത്തെ നോട്ടം തുടർന്ന്, ഞാനിഷ്ടപ്പെടുന്ന രണ്ടാമത്തെ നോട്ടത്തിന് എതിരായ യേശുക്രിസ്തുവിന്റെ മുന്നറിയിപ്പു ഞാൻ ഓർത്തിരിക്കണം. തൊട്ടു സംസാരിക്കുന്നതു പാപം എന്നതുപോലെ രണ്ടാമത്തെ നോട്ടവും പാപം തന്നെ (മത്താ. 5:28). മലപ്രസംഗത്തെ ഞാൻ അടിക്കടി ധ്യാനിക്കുന്നതുകൊണ്ടു ജയമുള്ള ജീവിതത്തിനുള്ള ആലോചനയെ അതു

എനിക്കു തരുന്നു (മത്താ. 5–7 അദ്ധ്യായങ്ങൾ). എന്നെപ്പോലെ തന്നെ ജീവിതത്തിന്റെ എല്ലാ ഭാഗങ്ങളിലും പരീക്ഷിക്കപ്പെട്ട യേശുവിന് എന്റെ ഉള്ളിൽ ഉണ്ടായ പോരാട്ടങ്ങൾ നന്നായി അറിയാം എന്നുള്ള വിവരം എന്നെ ഉത്സാഹപ്പെടുത്തി (എബ്രാ. 4:15). യൗവനകാലം, ബാല്യകാലം, മദ്ധ്യവയസ്സ്, എല്ലാ കാലത്തെ പരീക്ഷകളും യേശു അറിഞ്ഞുതന്നെ ജീവിച്ചു എന്റെ ബലഹീനതകളെക്കുറിച്ചു അവൻ വിഷമിക്കുന്നു. അതിജീവിക്കാൻ സാധിക്കാത്ത തരത്തിൽ പരീക്ഷകൾ വന്നാൽ ഞാൻ അവന്റെ അടുക്കൽ ഓടണം. അപ്പോൾ അവൻ ഇരിക്കുന്നതു ന്യായാധിപന്റെ കസേരയിൽ അല്ല കൃപാസനത്തിൽ (എബ്രാ. 4:16). എന്നെ കുറ്റപ്പെടുത്താൻ അല്ല എന്നെ സഹായിക്കാൻ അവൻ കൃപാസനത്തിൽ ഇരിക്കുന്നു (എബ്രാ. 2:18). ദൈവത്തിന്റെ മുൻപിൽ ഞാൻ ഉത്തമനായി നടക്കാൻ അവൻ വിളിക്കുമ്പോൾ തന്നെ ഞാൻ സർവ്വശക്തിയുള്ള ദൈവം എന്നു പരിചയപ്പെടുത്തുന്നു (ഉല്പ. 7:1). അതായത് ദൈവത്തിന്റെ മുമ്പിൽ ഞാൻ നീതിമാനായി നടക്കാൻ അവൻ എനിക്കു ശക്തിയെത്തരുന്നു. വേദപുസ്തകത്തിൽ ദൈവം പ്രധാനമായി 2 പേരുകളാൽ അറിയപ്പെടുന്നു.

**1. ഏലോഹീം**

**2. യഹോവ**

ഏലോഹീം എന്ന ഈ പേര് അവന്റെ ശക്തിയേയും, യഹോവ എന്നുള്ള പേരു അവന്റെ ഉടമ്പടിയേയും കുറിക്കുന്നു. ഏലോഹീം എന്നുള്ളതു വേദപുസ്തകത്തിൽ 257 പ്രാവശ്യവും യഹോവ എന്നുള്ള പേരു 6822 പ്രാവശ്യവും വരുന്നു. ഇതിന്റെ അർത്ഥം എന്തെന്നാൽ ശക്തിയുള്ള ദൈവം തന്നെ എന്റെ ദൈവം. ഏലോഹീം എന്നുള്ളതു ബൈബിളിൽ വരുന്ന ദൈവത്തിന്റെ ആദ്യത്തെ പേര് (ഉല്പ. 1:1). ഞാൻ ആരാധിക്കുന്ന ദൈവം എത്ര ശക്തിയുള്ളവൻ എത്ര നല്ലവൻ ഹല്ലേലൂയ.

ഞാൻ വീണുപോയാൽ വീഴ്ചയിൽ തുടരാൻ പാടില്ല എണീക്കണം ഇതു വളരെ ആവശ്യം (സദൃ. 24:16). യേശുവിന്റെ കൈകളിലും പിതാവിന്റെ

കൈകളിലും ഞാൻ സുരക്ഷിതൻ ആയിരിക്കുന്നതുകൊണ്ടു എനിക്കുണ്ടാകുന്ന ഏതു പരാജയവും എനിക്കു അവസാനമായതല്ല (യോഹ. 10:28–29). എന്റെ ഉള്ളിൽ ഇരിക്കുന്ന സ്വർഗ്ഗീയ ദൈവം എനിക്കെതിരായിരിക്കുന്ന ഈ ലോകത്തിന്റെ അധിപതിയെക്കാൾ ശക്തിയുള്ളവൻ (1 യോഹ. 4:6). എനിക്കുണ്ടാകുന്ന ഓരോരോ തോല്വിയും അടുത്ത തോല്വിയെ വിട്ടു മാറുവാൻ എന്നെ പഠിപ്പിക്കുന്നു. പിശാചോ ഏതെങ്കിലും മനുഷ്യനോ എന്നെ നശിപ്പിക്കുവാൻ ഞാൻ അനുവദിക്കുന്നില്ല. എന്തുകൊണ്ടെന്നാൽ ക്രിസ്തുയേശുവിൽ ഇരിക്കുന്ന എനിക്കു ന്യായവിധിയില്ല (റോമ. 8:1). ഞാൻ ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടവൻ അതുകൊണ്ടു പിശാചു എന്നെ കുറ്റപ്പെടുത്തി നശിപ്പിക്കുവാൻ സാധിക്കുന്നില്ല (റോമ. 8:33). ഞാൻ മനസ്താപത്തോടെ ദൈവത്തിന്റെ അടുക്കൽ മടങ്ങി വരുമ്പോൾ തന്റെ രക്തം ചിന്തി ഇപ്പോൾ എനിക്കായി പരലോകത്തിൽ പക്ഷവാദം ചെയ്തുകൊണ്ടിരിക്കുന്ന ക്രിസ്തു എന്നെ ന്യായീകരിക്കുന്നു (റോമ. 8:33–34, എബ്രാ. 7:25, വെളി. 12:10–11). തോല്വിയിൽ നിന്നു പാഠം പഠിക്കാൻ എനിക്കുള്ളിൽ ഇരിക്കുന്ന ക്രിസ്തു മൂലം ഞാൻ ഉണർന്നിരിക്കുന്നു (മത്താ. 26:41). ഞാൻ വിട്ടുകൊടുക്കുന്നില്ല. കർത്താവിന്റെ സർവ്വായുധവർഗ്ഗം ഞാൻ ഉപേക്ഷിക്കുന്നതുമില്ല (എഫെ. 6:11–17). കർത്താവിലും അവന്റെ അമിതബലത്തിലും ഞാൻ ശക്തിപ്പെട്ടുകൊണ്ടിരിക്കും (എഫെ. 6:10).

## എന്റെ വിശ്വാസം ബലഹീനമായത്

കർത്താവായ യേശുക്രിസ്തുവിനെ വിശ്വസിച്ചു എനിക്കു രക്ഷയുടെ ആനുഭവം ലഭിച്ചു. കർത്താവുതന്നെ എന്റെ അപ്പൻ എന്നും ഞാൻ അവന്റെ കുഞ്ഞു എന്നും ഞാൻ അറിയുന്നു. ക്രിസ്തു തന്നെ എന്റെ ഇടയൻ എന്നും ഞാൻ അവന്റെ കുഞ്ഞാടു എന്നും ഞാൻ അറിയുന്നു. പരിശുദ്ധാത്മാവുതന്നെ എന്നെ വഴിനടത്തുന്നു എന്നു അറിഞ്ഞു. അതു ഞാൻ പിൻഗമിക്കുന്നു. എന്നാലും എതിർ കാറ്റുകൾ എന്നെ ചുറ്റിവീശുമ്പോൾ എന്റെ അടിസ്ഥാന വിശ്വാസം ഇളകുന്നു. ചില പ്രശ്നങ്ങൾ എന്നെക്കൊണ്ടു കൈകാര്യം ചെയ്യാൻ

സാധിക്കുന്നില്ല. ഓരോരോ പ്രശ്നങ്ങളും മുൻപുള്ള പ്രശ്നങ്ങളെക്കാൾ ക്രൂരമായതായിരിക്കുന്നു. ശീമോൻ പത്രോസിനെ സാത്താൻ ഗോതമ്പു പാറ്റുന്നതുപോലെ പാറ്റിയ പോലെ ആർ. സ്റ്റാൻലിയായ എനിക്കും സംഭവിക്കുന്നു (ലൂക്കോ. 22:30). കടൽ തിരമാലകളെപ്പോലെ പ്രശ്നങ്ങളും കഷ്ടങ്ങളും അടുത്തടുത്തു എന്നെ ചുറ്റി അടിക്കുന്നു (യോബു. 1:13–19). ചില മണിക്കൂറുകൾക്കുള്ളിൽ ഭൂലോകത്തിൽ ഉള്ള അനുഗ്രഹങ്ങൾ എല്ലാം തന്നെ വിട്ടുപോയപ്പോൾ ഇയ്യോബ് എന്ന ഭക്തൻ എങ്ങനെ ഉറച്ചു നിന്നു എന്നു എനിക്കു അറിയാൻ പാടില്ല. ഇത്ര വലിയ നഷ്ടത്തിന്റെ ഇടയിൽ കർത്താവിനെ എങ്ങനെ ആരാധിക്കാനും സ്തുതിക്കാനും കഴിഞ്ഞു എന്നറിയാൻ പാടില്ല (ഇയ്യോ. 1:20–21). ദൈവം എന്നെ കൊന്നാലും ഞാൻ ദൈവത്തെ തന്നെ കാത്തിരിക്കും എന്നു അവൻ പറഞ്ഞതിന്റെ രഹസ്യം എന്തായിരിക്കുമോ? (ഇയ്യോ. 13:15). അതുകൊണ്ടു ഞാൻ ഇയ്യോബ് അവസാനം വരെ താങ്ങിപ്പിടിച്ച സർവ്വശക്തിയുള്ള ദൈവത്തെ ഞാൻ നോക്കുന്നു (ഇയ്യോ. 42:2). പത്രോസിനുവേണ്ടി യേശു പ്രാർത്ഥിച്ചതു പോലെ എന്റെ വിശ്വാസം നഷ്ടപ്പെട്ടു പോകാതിരിക്കുവാൻ എന്റെ സ്നേഹമുള്ള യേശു എനിക്കുവേണ്ടി അപേക്ഷിക്കുവാൻ അവനെത്തന്നെ നോക്കുന്നു (ലൂക്കോ. 22:32).

എന്റെ ജീവിതത്തിന്റെ വിശ്വാസത്തെ ആരംഭിച്ചത് യേശുതന്നെ എന്നു ഞാൻ അറിയുന്നു. അവൻ തന്നെ അതിനെ പൂർത്തീകരിക്കുവാനും സാധിക്കും (എബ്രാ. 12:1). ദൈവം എന്നിൽ ആരംഭിച്ചതു പിശാചിനു അവസാനിപ്പിക്കുവാൻ സാധിക്കുന്നില്ല. പഴയനിയമ വിശ്വാസവീരന്മാർ സ്ത്രീകൾ ഇവരാൽ ഞാൻ ഉത്സാഹിപ്പിക്കപ്പെടുന്നു. ആത്മീകജീവിതത്തിൽ ഓടിക്കൊണ്ടിരിക്കുന്ന എന്നെ കൈക്കൊട്ടിയും വിസിലടിച്ചും ഉത്സാഹപ്പെടുത്തുന്ന ഇവർ മേഘം പോലെ എന്നെ ചുറ്റിനില്ക്കുന്നു എന്നാലും പല സമയങ്ങളിൽ എന്റെ വിശ്വാസം തിരമാലപോലെ അങ്ങോട്ടും ഇങ്ങോട്ടും അലയടിക്കുന്നു. അതുകൊണ്ടു എന്റെ ഹൃദയത്തിൽ പല ചോദ്യങ്ങൾ ഉണ്ടാകുന്നു. ഗർഭപാത്രത്തിൽ ഉള്ള ഇരട്ടക്കുഞ്ഞുങ്ങളെപ്പോലെ

എന്റെ ഉള്ളിലുള്ള വിശ്വാസവും അവിശ്വാസവും പോരാടി കൊണ്ടിരിക്കുന്നു. ദൈവത്താൽ ഇത് ശരിപ്പെടുത്തുവാൻ സാധിക്കും പക്ഷെ അവൻ ശരിപ്പെടുത്തുമോ? കർത്താവേ ഞാൻ വിശ്വസിക്കുന്നു എന്നിൽ ഉള്ള അവിശ്വാസത്തെ നീങ്ങിപ്പോകാൻ സഹായിക്കണമേ എന്നുമാത്രം ഞാൻ പ്രാർത്ഥിക്കുവാൻ സാധിക്കും (മർക്കോ. 9:24). വേദപുസ്തകവചനത്തിന് മാത്രമേ എന്റെ വിശ്വാസത്തെ വളർത്തി ബലപ്പെടുത്തുവാൻ സാധിക്കൂ (റോമ. 12:17). ബൈബിൾ വാക്യങ്ങൾ വീണ്ടും വീണ്ടും ഞാൻ വായിച്ചു ധ്യാനിക്കണം എന്നെക്കൊണ്ടു കഴിയാത്തതായി എന്തെങ്കിലും ഉണ്ടോ എന്ന് എന്റെ ദൈവം എന്നെ നോക്കി ചോദിക്കുന്നു (ഉല്പ. 18:14, യിരെ. 32:27). അങ്ങനെ ചോദിക്കുമ്പോൾ നിന്നെക്കൊണ്ടു സാധിക്കാത്തതു ഒന്നുമില്ല എന്നു ഞാൻ മറുപടി പറയണം (യിരെ. 32:17, മത്താ. 19:24, ലൂക്കോ. 1:37). ഇരുൾ മൂടിയ സമയം യേശു പിതാവിനോടു, പിതാവേ നിനക്കു എല്ലാം കഴിയും എന്നു പറഞ്ഞു (മർക്കോ. 14:36, ലൂക്കോ. 22:53).

ശത്രുക്കൾ ദാവീദിനെ വളഞ്ഞ സമയം ദാവീദു പറഞ്ഞതെന്തെന്നാൽ കർത്താവ് എന്റെ ജീവന്റെ ബലം ഞാൻ ആരെ ഭയപ്പെടും (സങ്കീ. 27:1). ദാവീദിനെ ചുറ്റിവളഞ്ഞ ശത്രുക്കളെക്കുറിച്ചാണ് ഈ വചനം സംസാരിക്കുന്നത്. അതേ ശബ്ദം ദാവീദ് അടുത്ത സങ്കീർത്തനത്തിലും തുടരുന്നു (സങ്കീ. 28). രാജാവായ ഹിസ്കിയാവിനെപ്പോലെ എന്റെ ബലക്കുറവിനെ ഞാൻ ഇപ്പോൾ ഏറ്റു പറയുന്നു. ഇന്നു എനിക്കു ദുഃഖവും ശാസനവും അപമാനവും കൂടുതലായ ദിവസമാണ്. കുഞ്ഞുങ്ങളെ പ്രസവിക്കുവാൻ സമയം വന്നു. പക്ഷെ പ്രസവിക്കുവാൻ എനിക്കു ബലമില്ല (2 രാജ. 19:3). രാജാവായ യഹോശാഫാത്തിനെപ്പോലെ ഞാൻ നിലവിളിക്കുന്നു. ഞങ്ങളുടെ ദൈവമേ ഞങ്ങൾക്കെതിരായി വന്ന വലിയ കൂട്ടത്തെ എതിർക്കുവാൻ ഞങ്ങൾക്കു ബലമില്ല. ഞങ്ങൾ എന്തു ചെയ്യണമെന്ന് ഞങ്ങൾക്കു തന്നെ മനസ്സിലാകുന്നില്ല. അതുകൊണ്ടു ഞങ്ങളുടെ കണ്ണുകൾ നിന്നെത്തന്നെ നോക്കിക്കൊണ്ടിരിക്കുന്നു (2 ദിന. 20:12). വിശ്വാസവീരന്മാർ ബലഹീനതയിൽ ബലം പ്രാപിച്ചു (എബ്രാ. 11:34).

എന്റെ ജീവിതത്തിന്റെ കാര്യങ്ങളെല്ലാം താറുമാറായിത്തീരു മ്പോൾ എന്റെ ഹൃദയത്തെ ആരാഞ്ഞുനോക്കണം എന്നു ഞാൻ ഉപദേശിക്കപ്പെട്ടിരിക്കുന്നു. ദൈവത്തിനുമുമ്പിൽ കാര്യങ്ങളെ ശക്തിപ്പെടുത്താൻ ഇതു എന്നെ സഹായിക്കുന്നു. എന്നെ ശിക്ഷിക്കാനും തിരുത്താനും പിതാവായ ദൈവം ഇങ്ങനെ പ്രശ്നങ്ങളേയും വേദനകളേയും ഒരു ശിക്ഷിക്കുന്ന ഉപകരണമായി ഉപയോഗപ്പെടുത്തുന്നു എന്നു ഞാൻ അറിയുന്നു (എബ്രാ. 12:4–6, 10–11). എന്നാലും ഇങ്ങനെ തീച്ചൂളപോലെയുള്ള അനുഭവങ്ങളിലൂടെ കടന്നുപോകുമ്പോൾ എന്റെ കൈകൾ തളർന്നു പോകുന്നു. എന്റെ മുഴങ്കാലുകൾ കുഴയുന്നു. കാലുകൾ തെറ്റുന്നു (എബ്രാ. 12:12–13). ദൈവം ഒരുവൻ തന്നെ എന്നെ തിരുത്തി എന്നെ ശരിയായ രീതിയിൽ കൊണ്ടുവരാൻ സാധിക്കും. ചിലപ്പോൾ എന്നെ ഞാൻ സ്വയ പരിശോധന ചെയ്യുമ്പോൾ എന്റെ തെറ്റുകളെ ഒന്നും കണ്ടുപിടിക്കുവാൻ സാധിക്കാത്ത സമയങ്ങളും ഉണ്ട് (സങ്കീ. 17:3, 1 കൊരി. 4:4). എന്നാലും കടുപ്പമായ ചൂടുകാലം പോലെ എന്റെ ബലമെല്ലാം വറ്റിപ്പോകുന്നു. മുൻപിലേക്കു ഞാൻ ചെല്ലുന്നു. അവൻ അവിടെയില്ല. പിന്നിലും ഞാൻ നോക്കുന്നു അവിടെയും അവനില്ല. ഇടതുവശത്തു നിന്നു അവൻ പ്രവർത്തിക്കുന്നു. പക്ഷെ അവിടെയും അവനെ കാണാൻ സാധിക്കുന്നില്ല. വലത്തുവശത്തു നിന്നു അവൻ പ്രവർത്തിക്കുന്നു. അവിടെയും അവനെ കാണാൻ സാധിക്കുന്നില്ല (ഇയ്യോ. 23:8–9). ദൈവം എന്നോടു ഒളിച്ചുകളിക്കുന്നോ? ഞാൻ ചെല്ലുന്ന വഴി അവൻ അറിയുന്നു എന്നു ഞാൻ അറിഞ്ഞാലും എന്റെ ചുറ്റിലും ഇരുൾ തന്നെ (ഇയ്യോ. 23:10). ഞാൻ എന്തു ചെയ്യും? അങ്ങനെ ദൈവത്തിൽ പ്രത്യാശിച്ചു അവന്റെ മേൽ ചാരിക്കൊള്ളും (യെശയ 50:10). ഈ **ഇരുൾ** (discipline of darkness) **സഹിക്കാൻ കഴിയാത്തത്**. അതുകൊണ്ടു ഞാൻ അവനെ നോക്കി. ദൈവമേ **എന്റെമേൽ മനസ്സലിയണമേ**. കർത്താവേ എനിക്കു ബലമില്ലാതെ പോയി. എന്റെ ആത്മാവു വളരെ **വിഷമിക്കുന്നു**. കർത്താവേ ഏതുവരെ **മനസ്സലിയാതിരിക്കും** എന്നു ഞാൻ നിലവിളിക്കുന്നു (സങ്കീ. 6:2–3).

## എന്റെ പ്രാർത്ഥനാജീവിതം ബലഹീനമായിപ്പോയി

എന്റെ പ്രാർത്ഥനാജീവിതത്തിൽ ഉള്ള ബലക്കുറവ് എന്നോട് അടുത്തു പരിചയപ്പെട്ട പ്രാർത്ഥനാ കൂട്ടാളികളെക്കാൾ ദൈവത്തിനു നന്നായി അറിയാം എന്നും മറ്റുള്ള ധ്യാന പരിശീലനത്തിൽ ഉണ്ടാകുന്ന തളർച്ചയെക്കാൾ പ്രാർത്ഥനയിൽ ബലഹീനമായിരിക്കുന്നതാണ് കൂടുതൽ വിഷമകരം എന്നും അവന് അറിയാം. ഇതു മനസ്സിലാക്കിയിട്ടു തന്നെ എനിക്ക് കൂടിയിരിക്കുവാൻ വേണ്ടി എന്നെ സ്നേഹിക്കുന്ന യേശു പരിശുദ്ധാത്മാവിനെ അയച്ചു. ഞാൻ എന്തിനുവേണ്ടി എങ്ങനെ പ്രാർത്ഥിക്കണം എന്ന് എനിക്കു തന്നെ ശരിയായി അറിയില്ല. ഞാൻ പരിശുദ്ധാത്മാവിന്റെ സഹായം പ്രതീക്ഷിക്കാതെ പ്രാർത്ഥിക്കുന്നത് കൊണ്ട് പരിശുദ്ധാത്മാവു തന്നെ എനിക്കുവേണ്ടി പക്ഷവാദം ചെയ്യുന്നു എന്നുള്ള ഉള്ളിലെ ഉണർവ്വിനെ വെളിപ്പെടുത്തുവാൻ വാക്കുകളെ കിട്ടാതെ വിഷമിക്കുമ്പോൾ പരിശുദ്ധാത്മാവ് നെടുവീർപ്പിട്ടു എനിക്കായി വിലപിക്കുന്നു (എഫെ. 6:18, യൂദ. 20, റോമ. 8:26). സ്വർഗ്ഗത്തിൽ പിതാവായ ദൈവത്തിനു മുമ്പിൽ യേശുക്രിസ്തു എനിക്കായി പക്ഷവാദം ചെയ്യുന്നു. ഇതുകൊണ്ടുതന്നെ ഞാൻ ചോദിക്കുന്നതിനും നിനക്കുന്നതിലും അധികമായി ദൈവം എനിക്കായി പ്രവർത്തിച്ചു സഹായിക്കുന്നു (എഫെ. 3:20). ഈ നല്ല ദൈവത്തെ ഞാൻ എങ്ങനെ സ്തുതിക്കാതിരിക്കും. പ്രാർത്ഥനയിൽ എപ്പോഴും ഞാൻ ബലപ്പെടണമെന്നാൽ പരിശുദ്ധാത്മാവിന്റെ സഹായം വേണം.

എന്റെ പ്രാർത്ഥനാസമയത്തെ ഞാൻ ആകാംഷയോടെ കാത്തിരിക്കുന്നു (Sweet Hour of Prayer) എന്നു ഞാൻ പാടിയാലും എനിക്കുവേണ്ടി ഒരു പ്രാർത്ഥനാസമയത്തെ ഞാൻ ഒരുക്കിയിട്ടില്ല. അതുകൊണ്ടു ഞാൻ പ്രാർത്ഥനാ സമയത്തെ ആകാംഷയോടെ കാത്തിരിക്കുന്നു എന്നു പറയാൻ കഴിയില്ല. എന്റെ പ്രാർത്ഥനാ ജീവിതത്തിൽ ഏറ്റങ്ങളും ഇറക്കങ്ങളും ഉണ്ട്. ഒരു ദിവസം നന്നായി പ്രാർത്ഥിക്കും പല ദിവസങ്ങൾ പ്രാർത്ഥിക്കാൻ സാധിക്കുന്നില്ല. ദൈവമേ ഞാൻ എന്തുകൊണ്ടാണ് ഇങ്ങനെ ഇരിക്കുന്നത്. ഏതെങ്കിലും പാപത്തെ ഞാൻ എന്റെ ഹൃദയത്തിൽ മറച്ചിരിക്കുന്നോ? (സങ്കീ.

66:18, യെര. 59:1,2). കർത്താവേ നിന്റെ വചനത്തെ മനഃപൂർവ്വമായി ഞാൻ വിട്ടുമാറിയിട്ടുണ്ടോ? (സദൃ. 28:9). മറുപടി കിട്ടാത്ത പ്രാർത്ഥനകളും താമസമായ മറുപടികളും എന്നെ വിരക്തനാക്കിയോ?

എന്റെ ക്രിസ്തീയ ജീവിതത്തിന്റെ ആരംഭത്തിൽ ചെറിയതും വലുതുമായ എല്ലാ വിഷയങ്ങളും ഞാൻ ദൈവത്തിന്റെ അടുക്കൽ കൊണ്ടു പോകും. പക്ഷെ ഇപ്പോഴോ കഷ്ടങ്ങളുടെ സമയത്തിലും ഇടുക്കമുള്ള സമയങ്ങളിലും തന്നെ ദൈവത്തെ തേടി ഓടുന്നു. കൂട്ടായ്മ പ്രാർത്ഥനകളിൽ മണിക്കൂറുകൾ ചിലവഴിക്കുന്നതു എനിക്കു പ്രയാസമായി തോന്നിയിട്ടില്ല. അത് എനിക്ക് ശീലമായിപ്പോയി. പക്ഷെ ഇപ്പോൾ ഒരു മണിക്കൂർ മുട്ടുകുത്തി ദൈവത്തിനോടു തനിച്ചു പ്രാർത്ഥിക്കുന്നതു വളരെ കഠിനമായിരിക്കുന്നു. രാത്രി സമയങ്ങളിൽ ഏകനായി പ്രാർത്ഥിക്കുന്നതിൽ യേശുക്രിസ്തു വളരെ മാതൃകയായിരുന്നു (മത്താ. 14:23, ലൂക്കോ. 6:12, 21:38). പ്രാർത്ഥനയിൽ എന്റെ ബലഹീനതക്ക് മറ്റൊരു കാരണം ഉണ്ട്. അത് എന്തെന്നാൽ എന്റെ ആവശ്യങ്ങളെ ദൈവത്തിന്റെ മുമ്പിൽ ലിസ്റ്റായി പറയുന്നതാണ് പ്രാർത്ഥന എന്നു മാറിപ്പോയി. അവന്റെ ശബ്ദം കേൾക്കാൻ മതിയായ സമയം ഞാൻ മാറ്റിവെച്ചിട്ടില്ല. വചനം പറയുന്നു പ്രസംഗിക്കാൻ ഞാൻ വേഗം കാണിക്കുന്നു. പക്ഷെ പ്രസംഗം കേൾക്കാൻ എനിക്കു ഇഷ്ടമില്ല (സഭാ. പ്ര. 5:12, സങ്കീ. 141:2,3). അതുമാത്രമല്ല സാമ്പത്തിക കാര്യങ്ങൾക്കും ശാരീരിക ആവശ്യങ്ങൾക്കും ആത്മീക കാര്യങ്ങൾക്കും എന്റെ പ്രാർത്ഥനയിൽ ആദ്യസ്ഥാനം ലഭിക്കുന്നു (മത്താ. 6:25-33). സ്വാർത്ഥത ആയിട്ടുള്ള എന്റെ പ്രാർത്ഥനയിൽ ദരിദ്രർ, കഷ്ടപ്പെടുന്നവർ, രോഗത്തിലുള്ളവർ ഇവർക്കാക്കും ഞാൻ പ്രാർത്ഥിക്കുന്നില്ല. ദൈവത്തിനായുള്ള ദുഃഖത്തെക്കാൾ ലോക പ്രകാരമുള്ള വിഷയത്തിനായി എനിക്ക് കണ്ണുനീർ വരുന്നു (2 കൊരി. 7:10). വായ്കൊണ്ടു ദൈവത്തെ ആരാധിക്കുന്നു. പക്ഷെ എന്റെ ഉള്ളം എവിടെയോ ചുറ്റിക്കറങ്ങുന്നു (മത്താ. 5:8). ആരാധിക്കാൻ ഞാൻ സഭയിൽ പോകുമ്പോൾ കേവലം എന്റെ മൊബൈൽ പോലും ഞാൻ ഓഫ് ചെയ്യുന്നില്ല. ഇനി സെൽഫോണിനെക്കാൾ പ്രാർത്ഥനയിൽ കൂടുതൽ സമയം ചിലവഴിക്കുവാൻ

ഇന്നുതന്നെ ഞാൻ തീരുമാനിക്കുന്നു. മുഴു ആത്മാവോടും, മുഴുഹൃദയത്തോടും, മുഴുശക്തിയോടും നിന്നെ പ്രാർത്ഥിക്കാൻ സ്നേഹിക്കുവാൻ സാധിക്കാതെ എന്നെ അടിമപ്പെടുത്തിയിട്ടുള്ള എല്ലാ വിഷയത്തിൽ നിന്നും എന്നെ വിടുവിക്കണമേ (മത്താ. 22:37, 1 കൊരി. 6:12). മണ്ണിനായി മാണിക്യത്തെ ഞാൻ ഉപേക്ഷിക്കുന്നല്ലോ വചനങ്ങളെക്കൊണ്ടു എന്റെ ഹൃദയത്തെ നിറക്കാത്തതുകൊണ്ടു എന്റെ സ്തുതി ആരാധനയിൽ മനോവിഷമം കൂടുതലായിപ്പോയി (കൊലൊ. 3:14, സങ്കീ. 56:10, 138:2). ദൈവത്തോടു ഞാൻ ചിലവഴിക്കുന്ന ശാന്തമായ സമയം (Quiet - Time) ബൈബിൾ വായനക്കും പ്രാർത്ഥിക്കാനും സമമായി വീതിക്കുന്നില്ല (നെഹെ. 9:3). നേരത്തേ എത്രയോ അനുഗ്രഹങ്ങൾ ലഭിച്ചിരുന്നതു ഇനിയും വേണം എന്ന ചോദിക്കുന്നതിൽ കൂടുതൽ സമയം ചിലവഴിക്കുന്നു (സങ്കീ. 103:1–5). അയ്യോ ഞാൻ പ്രാർത്ഥനയിൽ എത്ര കള്ളം പറയുന്നു. അതു എനിക്കു തന്നെ അറിയാം എന്റെ ഹൃദയത്തെ പല ദിശകളിൽ ഇരുത്തി നീ തന്നെ എന്റെ ഹൃദയദൈവം എന്നു കള്ളം പറഞ്ഞു പ്രാർത്ഥിക്കുന്നു (സങ്കീ. 57:7, 108:1). എന്റെ സ്വന്തശക്തിയിൽ പ്രത്യാശിച്ചുകൊണ്ടു ദൈവമേ നീ ആണു എന്റെ പ്രത്യാശ എന്നു കള്ളം പറയുന്നു. എന്റെ പാറയും എന്റെ വീണ്ടെടുപ്പുകാരനുമായ യഹോവേ എന്റെ വായിലെ വാക്കുകളും എന്റെ ഹൃദയത്തിലെ വിചാരങ്ങളും നിനക്കു പ്രസാദകരമായിരിക്കുമാറാകട്ടെ (സങ്കീ. 19:14).

## എന്റെ സഹോദരസ്നേഹം ബലഹീനമായത്

നിന്റെ സഹോദരനെ നിന്നെപ്പോലെ സ്നേഹിക്കണം എന്ന വാക്യം ഞാൻ എത്ര പ്രാവശ്യം വായിക്കുന്നു (ലേവ്യ. 19:18, മത്താ. 18:19, 22:29). ജനങ്ങൾ എന്നെ പുകഴ്ത്തുവാൻ ഞാൻ പ്രതീക്ഷിക്കുന്നു. പക്ഷെ ഞാൻ മറ്റുള്ളവരെ പുകഴ്ത്തുന്നില്ല. മറ്റുള്ളവർ എന്നെ സ്നേഹത്തോടെ അന്വേഷിക്കണം എന്നു ഞാൻ ആഗ്രഹിക്കുന്നു. ഞാൻ ചെയ്ത തെറ്റ് മറ്റുള്ളവർ ക്ഷമിക്കണം എന്നു ഞാൻ ആഗ്രഹിക്കുന്നു. പക്ഷെ ഞാൻ അവരോടു ക്ഷമ ചോദിക്കുന്നില്ല. മറ്റുള്ളവർ എനിക്കുവേണ്ടി പ്രാർത്ഥിക്കണം

എന്നു ഞാൻ ആഗ്രഹിക്കുന്നു. എന്നാൽ ഞാൻ മറ്റുള്ളവർക്കുവേണ്ടി പ്രാർത്ഥിക്കുന്നില്ല. ഇങ്ങനെ ഞാൻ പ്രാർത്ഥനയിൽ പറയുന്ന കള്ളത്തരം നീണ്ടു പോകുന്നു. എന്നെ സ്നേഹിക്കുന്നവരെ മാത്രം ഞാൻ സ്നേഹിക്കുന്നു. മറ്റുള്ളവരെ ഞാനായി സ്നേഹിക്കുന്നില്ല.എനിക്കു ആദായം കിട്ടുന്നതുവരെ തന്നെ ഞാൻ മറ്റുള്ളവരോടു സ്നേഹം വെച്ചിരിക്കുന്നു. സ്നേഹിതൻ എല്ലാക്കാലത്തിലും സ്നേഹിക്കും. ആപത്തിൽ സഹായിക്കാൻ സഹോദരനെ വെച്ചിരിക്കുന്നു (സദൃ. 17:17). കീഴെപ്പറയുന്ന ആളുകളെപ്പോലെ സ്നേഹവും വാത്സല്യവും എനക്കും വേണം എന്നു ഞാൻ ആഗ്രഹിക്കുന്നു.

**അബ്രഹാം** (ഉല്പ. 14:14, 13:11)

**യോസേഫ്** (ഉല്പ. 45:5, 50:21)

**മോശെ** (പുറ. 32:11–13, ആവ. 9:18, 25–29)

**യോനാഥാൻ** (1 ശമു. 20:32)

**ബർസില്ലായി** (2 ശമു. 19:32)

**അഹീക്കാം** (യിരെ. 26:24)

**ഏബെദ് – മേലേക്ക്** (യിരെ. 38:7–13)

**പൗലൂസ്** (ഫിലി. 1:24)

ഈ മനുഷ്യരുടെ മുന്നിൽ ഞാൻ എത്ര ചെറിയവനായിരിക്കുന്നു. ഞാൻ സ്നേഹിക്കുന്ന സ്നേഹം എവിടെ? ഇവരുടെ സ്നേഹം എവിടെ? ഞാൻ മറ്റുള്ളവരെ സ്നേഹിക്കാതിരുന്നാൽ എന്നെ ആരു സ്നേഹിക്കും (സദൃ. 18:24). എന്റെ ഈ മറ്റുള്ളവരോടുള്ള സ്നേഹക്കുറവിനു മറ്റൊരു കാരണം ഏതിലും എല്ലാരിലും കുറ്റം കാണുന്ന എന്റെ തെറ്റായ സ്വഭാവം ആകുന്നു. ഞാൻ എന്റെ സ്വയനീതിയാൽ വഞ്ചിക്കപ്പെട്ടിരിക്കുന്നതു കാരണം മറ്റുള്ളവർ എല്ലാവരും പാപികളായി തോന്നുന്നു (ലൂക്കോ. 18:9). എന്റെ ഹൃദയത്തെ ശുദ്ധമാക്കി ഞാൻ നിർമ്മലനായിരിക്കുന്നു എന്നു ആർക്കു പറയാം (സദൃ. 20:9). വേദപുസ്തകത്തിൽ ഉള്ള ദൈവമനുഷ്യർ ആരും അങ്ങനെ പറഞ്ഞിട്ടില്ല. **ഇയ്യോബ്** (ഇയ്യോ. 42:5–6). **ദാവീദ്** (2 ശമു. 12:13, സങ്കീ. 51:1–7). **സങ്കീർത്തനക്കാരൻ** (സങ്കീ. 19:12–13). **എസ്രാ** (എസ്രാ. 9:6). നെഹെമ്യ (നെഹെ.

9:33–34) യെശയ്യ (യെശ. 6:5–6) ദാനിയേൽ (ദാനി. 9:8) പത്രോസ് (ലൂക്കോ. 5:8) യോഹന്നാൻ (1 യോഹ. 1:8) യാക്കോബ് (യാക്കോ. 3:2) പൗലൂസ് (റോമ. 7:18, തിമത്ത. 1:18) ഇവരാരും എന്നിൽ കുറ്റമില്ല പാപമില്ല എന്നു പറഞ്ഞിട്ടില്ല. ദൈവമേ പാപിയായ എന്റെമേൽ കൃപ ചെയ്യണമേ (ലൂക്കോ. 18:19). എന്നോടു ദൈവം കാണിക്കുന്ന ക്ഷമയെ ഞാൻ മറന്നു മറ്റുള്ളവരെ നോക്കി ഇവരാരും സ്വർഗ്ഗത്തിൽ വരില്ല എന്നു വിധിക്കുന്നു. സ്വർഗ്ഗത്തിൽ എനിക്കു മൂന്നു ഞെട്ടൽ കാത്തിരിക്കുന്നു.

1. ഇവരെല്ലാം സ്വർഗ്ഗത്തിൽ കാണും എന്നു പ്രതീക്ഷിക്കുന്ന ആളുകൾ അവിടെ കാണുന്നില്ല.
2. ചില വിശ്വാസികൾ ദൈവവേലക്കാർ ഇവരും സ്വർഗ്ഗത്തിൽ വരുന്നില്ല എന്നു ഞാൻ ചിന്തിച്ചിട്ടുണ്ട് പക്ഷെ ഇവരെല്ലാം അവിടെ കാണും.
3. ഞാനും അവിടെ ഇരിക്കും (മത്താ. 8:11–12, ലൂക്കോ. 3:29–30).

മറ്റുള്ളവരെ സഹായിക്കുന്ന കാര്യത്തിലും ഞാൻ വളരെ ബലഹീനനാണ്. ഒരു ക്രിസ്ത്യാനി 50% പാവപ്പെട്ടവർക്കു കൊടുക്കാൻ പറഞ്ഞിരിക്കുമ്പോൾ ക്രിസ്തുവിനെ അനുഗമിക്കുന്ന ഞാൻ സാധുക്കൾക്കും പാവപ്പെട്ടവർക്കും 10% പോലും കൊടുത്തിട്ടില്ലല്ലോ (ലൂക്കോ. 3:11). സഖായിയുടെ സംഭവം വിവരിക്കുമ്പോൾ 50% താനായി കൊടുക്കാൻ വന്നതു ജ്ഞാനമായി പ്രസംഗിച്ചിട്ട് ഞാൻ കടന്നു പോകുന്നു (ലൂക്കോ. 19:8). തങ്ങളുടെ ദാരിദ്രത്തിലും കൊടിയ പരീക്ഷയിലും മക്കദോന്യ വിശ്വാസികൾ കൊടുത്തു എന്നു വായിക്കുന്നു. പക്ഷെ ഞാൻ കൂടുതൽ ശമ്പളത്തിലും കൂടുതൽ സൗകര്യത്തിലും ഇരുന്നിട്ടും കൊടുക്കുന്ന കാര്യത്തിൽ കണക്കു നോക്കുന്നല്ലോ (2 കൊരി. 8:1–3). കഷ്ടതയിൽ കണക്കു നോക്കാതെ കൊടുത്ത മക്കദോന്യസഭ എവിടെ. നല്ല സൗകര്യത്തിൽ ഇരുന്നിട്ടും കൊടുക്കാത്ത ഞാൻ എവിടെ? ദാരിദ്രത്തിലും കഷ്ടതയിലും ഇരിക്കുന്നവനെ നോക്കി പ്രാർത്ഥിച്ച് ധൈര്യമായിരി എന്നു പറയുന്ന എന്റെ വരട്ട് ദൈവവിശ്വാസം നശിച്ചുപോകട്ടെ. എന്റെ ഈ പ്രവർത്തനം ചത്ത വിശ്വാസം

മാത്രമല്ല ചത്തു നാറിപ്പോയ വിശ്വാസമാകുന്നു (യാക്കോ. 2:16–17). എന്റെ പ്രസംഗം ഉഗ്രം പക്ഷെ എന്റെ പ്രവർത്തനം ഒന്നുമില്ല (1 യോഹ. 3:17–18). ഇന്നും 2,3 തലമുറകൾക്കു ഞാൻ ചേർത്തു വച്ചിട്ടുള്ള ആസ്തി വെച്ചുകൊണ്ടു അന്നന്നുള്ള അപ്പം വേണമെന്നു കർത്താവിന്റെ പ്രാർത്ഥനയിൽ പ്രാർത്ഥിക്കുന്നു. പക്ഷെ എന്റെ മേൽ ദൈവകോപം ഇന്നും വരാതിരിക്കുന്നത് ആശ്ചര്യം തന്നെ (ഇയ്യോ. 33:16–23). ദൈവകൃപയാൽ ദൈവം എന്നെയും എന്റെ കുടുംബത്തെയും നന്നായി വെച്ചിരിക്കുന്നു എന്നാൽ വേദ പുസ്തകത്തിൽ ദൈവവേലക്കാർ ആരും പണക്കാരായിരുന്നില്ലല്ലോ (ലൂക്കോ. 7:4). പ്രവചാകന്മാർ ആരും പണക്കാരായിരുന്നില്ല. അപ്പോസ്തലന്മാരാരും പണക്കാരായിരുന്നിട്ടില്ല. എന്റെ നേതാവായ എന്റെ യേശുവും ലോകത്തിൽ പണക്കാരനായിരുന്നില്ല. തങ്ങളുടെ പട്ടിണി, ഉടുക്കാൻ ഇല്ലാത്തത്, കിടക്കാൻ സ്ഥലം ഇല്ലാത്തത്, അപ്പോസ്തലന്മാർ നാണിക്കാതെ അറിയിച്ചു (1 കൊരി. 4:10–11). ദൈവം ലോകത്തിൽ ബലഹീനമായതിനെ തിരഞ്ഞെടുത്തു (1 കൊരി. 1:27). സ്വർഗ്ഗത്തിൽ പണം ഇല്ലാത്തവരും സാധുക്കളുമാണ് നിറച്ചും ഞാൻ എന്തുകൊണ്ടു ഇങ്ങനെ പറയുന്നു എന്നു അറിയാമോ. പണക്കാരുടെ ജീവിതത്തിൽ ദൈവം അത്ഭുതം ചെയ്യാതെ പോയാൽ അവൻ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുന്നതിനേക്കാൾ സൂചിക്കഴയിലൂടെ ഒട്ടകത്തെ കയറ്റുന്നതു എളുപ്പമായിരിക്കും (മാർക്കോ. 10:23–27). എന്റെ അസൗകര്യങ്ങൾ എന്റെ കുറവുകൾ ഞാൻ ക്ഷമയോടെ സഹിച്ചു നടക്കണം എന്നാണ് പൗലൂസ് ഞങ്ങൾ ബലഹീനർ എന്നു സൂചിപ്പിച്ചു പറഞ്ഞത്. എന്നെ ബലപ്പെടുത്തുന്ന ക്രിസ്തുവിനാൽ ഞാൻ എല്ലാറ്റിനും മതിയായിട്ടുണ്ട് (ഫിലി.4:14).

ചെറുപ്പത്തിൽ ഞാനും എന്റെ അനിയനും വളർന്ന ഞങ്ങളുടെ സ്വന്തസ്ഥലം തിരുനെൽവേലി അടുത്തുള്ള നസ്രേത്ത്. ഞങ്ങളുടെ വീട് മഴ വന്നാൽ ചോരും. ജനലിന് വാതിലില്ല. ഓരോരോ ആഴ്ചയും ചാണകം കൊണ്ട് തറ മെഴുകണം. കറന്റില്ല. അന്ന് ഞങ്ങൾക്കു ചെരിപ്പും ഇല്ല. ഞാൻ ചെന്നൈയിൽ ഐ.ഐ.റ്റി. യിൽ പി.ജി. പഠിക്കുമ്പോൾ രണ്ടു ഷർട്ടും രണ്ടും പാന്റും കൊണ്ടു പഠിച്ചു പാസ്സായി. എന്റെ തുണികളെ ഞാൻ കഴുകി അത്

തേയ്ക്കാൻ സാധിക്കില്ല. തലയണയുടെ അടിയിൽ വച്ചു, തേച്ച മാതിരി ഞാൻ ഉപയോഗിക്കും. അന്നത്തെ കുറവുകളെ ഓർത്തു ഞാൻ ദൈവത്തെ സ്തുതിക്കുന്നു (celebrate the advantage of disadvantages).

## എന്റെ ശരീരം ബലഹീനമായത്

നശിച്ചുപോകുന്ന എന്റെ ഈ ശരീരത്തിൽ എത്രയോ അസുഖങ്ങളും രോഗങ്ങളും നിറയെ ഉണ്ട്. എന്റെ ദൈവമോ സൗഖ്യം തരുന്നവൻ **യഹോവാ റാഫാ** എന്നതു അവന്റെ പേര് (പുറ. 15:26). അവൻ അത്ഭുതങ്ങളുടെ ദൈവം അവനാൽ സാധിക്കാത്തത് ഒന്നുമില്ല. അവന്റെ ശക്തിയും അത്ഭുതവും ബൈബിളിൽ നിറച്ചു കാണുന്നു (എബ്രാ. 13:8). യേശു ഇന്നലെയും ഇന്നും എന്നും മാറാത്തവനായിരിക്കുന്നു. എന്റെ പാപങ്ങളെ മാത്രമല്ല എന്റെ രോഗങ്ങളെയും അവൻ ചുമന്നു (യെശ. 63:4–5, മത്താ. 8:16–17). അവന്റെ രക്തം എന്നെ ശുദ്ധമാക്കുന്നു. അവന്റെ മുറിവുകൾ എന്നെ സൗഖ്യമാക്കുന്നു. അവൻ എന്റെ പാപങ്ങൾ എല്ലാം ശുദ്ധമാക്കുന്നു. രോഗങ്ങൾ സൗഖ്യമാക്കുന്നു (സങ്കീ. 103:3).

ശരീരസൗഖ്യത്തിനു ഇത്ര വചനങ്ങൾ ബൈബിളിൽ നിറഞ്ഞിരുന്നിട്ടും എന്തോ ഞാൻ അറിയുന്നില്ല. എനിക്കു ധാരാളം രോഗങ്ങൾ ഉണ്ട്. മുള്ളിനെപ്പോലെ അവ എന്നെ കുത്തിക്കൊണ്ടിരിക്കുന്നു. ഇതിനുവേണ്ടി ഞാൻ ദൈവത്തോടു പ്രാർത്ഥിക്കുമ്പോൾ അവൻ ഒന്നു രണ്ടു മുള്ളുകൾ എടുത്തു കളഞ്ഞു. എല്ലാ മുള്ളുകളും എടുത്തു കളഞ്ഞില്ല. ചോദിച്ചാൽ എന്റെ കൃപ നിനക്കു മതി. എന്റെ ശക്തി ബലഹീനതയിൽ തികഞ്ഞു വരുന്നു എന്നു പറയുന്നു (2 കൊരി. 12:8–9). എന്റെ മേൽ നിറഞ്ഞിരിക്കുന്ന രോഗങ്ങളെ അവന്റെ പരിശുദ്ധാത്മ ശക്തിയാൽ സഹിക്കാൻ സാധിക്കുന്നു. അതത് നാളുകളിൽ കടമകളെ ചെയ്‌വാൻ രാവിലെ തോറും പുതിയ കൃപ തരുന്നു (വില. 3:22–23). ശരീര ആരോഗ്യത്തിനുവേണ്ടി, എനിക്കു കിട്ടുന്ന മരുന്നുകൾക്കുവേണ്ടി ഞാൻ ദൈവത്തെ സ്തുതിക്കുന്നു (മത്താ. 9:12). എന്നാലും ഞാനെന്റെ വായെ നിയന്ത്രിക്കുന്നതു പോരാ. ബിരിയാണിയെ

കണ്ടു ഞാൻ കൊതിക്കുന്നു (സദൃ. 23:1–3) എന്റെ വയറു ഞാൻ ചവറ്റുകൊട്ടയാക്കി.

ഉടൽ ആരോഗ്യത്തോടിരിക്കുന്ന, ആരോഗ്യവാനായിരിക്കുന്ന പഴയ കാലത്തെ ദൈവവേലക്കാരെ സഭാചരിത്രത്തിൽ എഴുതിയിരിക്കുന്നതു വായിച്ച് ഞാൻ ഉത്സാഹം കൊള്ളുന്നു. അവരെല്ലാം തങ്ങളുടെ വായെ നിയന്ത്രിച്ചു പരിചയമാക്കി. ജനിച്ചു ചില ആഴ്ചകളിൽ കണ്ണ് നഷ്ടപ്പെട്ടുപോയവർ ക്രിസ്തീയ ലോകത്തിൽ 8000–ൽ കൂടുതലായ ജ്ഞാനപ്പാടുകളെ നമുക്ക് ഏല്പിച്ചിട്ടു പോയി. ആ അമ്മച്ചിയുടെ പേര് പേന്നി ഗ്രാസ്പി (1823–1915). ആ അമ്മച്ചിയെ ഓർത്തു ഞാൻ ദൈവത്തെ സ്തുതിക്കുന്നു (Blessed Assurance Jesus is mine). **നിശ്ചയം യേശു എന്റെ സ്വന്തം** എല്ലാവർക്കും ഇഷ്ടപ്പെട്ട പാട്ട് ഇത് എഴുതിയതും ട്യൂൺ നല്കിയതും ഈ അമ്മച്ചിയാണ്. പല അസുഖങ്ങളെ തന്റെ ശരീരത്തിൽ വച്ചുകൊണ്ട് കണ്ണുകാഴ്ചയില്ലാതെ പൗലൂസ് അപ്പോസ്തലൻ എത്ര ആഴമായ ആത്മീക ലേഖനങ്ങളെ നമ്മുടെ കയ്യിൽ ഏല്പിച്ചിരിക്കുന്നു (2 കൊരി. 10:10). ശരീരത്തിലെ പല കുറവുകളും അസുഖങ്ങളും ഉണ്ടായിരുന്നിട്ടും കഠിനമായ മിഷനറി യാത്രകൾ ചെയ്തു ചുറുചുറുക്കോടെ പല സഭകളും ഉണ്ടാക്കി (1 കൊരി. 2:3–4). കോളറ പോലെ പകരുന്ന രോഗമുള്ള മെലിത്ത ദ്വീപിൽ അദ്ദേഹത്തിന്റെ കപ്പൽ അടുത്തപ്പോൾ ദൈവം അദ്ദേഹത്തെ വളരെ ഭദ്രമായി സംരക്ഷിച്ചു. ആ ദ്വീപിൽ ഉള്ളവരെ സൗഖ്യമാക്കി സുവിശേഷവേലയും രോഗസൗഖ്യവേലയും ചെയ്തു (അപ്പൊ. 28:1–7). ഇന്നു ഒന്നു പോയാൽ മറ്റൊന്ന് എന്നു ദൈവവേലക്കാർക്ക് എത്ര അസുഖങ്ങൾ എന്നാലും പരമവീട്ടിൽ ചെല്ലുന്നതുവരെ ദൈവഹിത പ്രകാരം ഈ തലമുറക്കു സുവിശേഷം അറിയിച്ചു ദൈവവേല ചെയ്തു കൊണ്ടിരിക്കുന്നു (അപ്പൊ. 13:36). ഇവരെല്ലാവരും ബലഹീനതയിലും ബലം പ്രാപിക്കുന്നു (എബ്രാ. 11:34). ശരീര ബലഹീനങ്ങളെ താങ്ങി സഹിച്ചു ദൈവവേലക്കാരുടെ കുടുംബത്തിൽ ഉള്ളവർക്കും ദൈവം സാറായ്ക്കു കൊടുത്തതുപോലെ ബലം തരുന്നു. അവരെല്ലാരും ദൈവവേലയിൽ ഉത്സാഹം കാണിക്കുന്നു (എബ്രാ. 11:11).

ബലഹീനർ എന്നു കരുതുന്ന സ്ത്രീകൾക്കും ദൈവം കൂടുതൽ ബലം നല്കുന്നു (1 പത്രോ. 3:7, 1 കൊരി. 12:22).

സ്റ്റാൻലിയായ എനിക്ക് 2020 –ൽ 74 വയസ്സു കഴിഞ്ഞു പക്ഷെ എന്റെ ശരീരത്തിൽ ഹൃദ്രോഗം, നട്ടെല്ലിൽ വേദന, തൊണ്ടയിൽ (Vocal Cord) പ്രശ്നം ഇനിയും കൂടുതൽ അസുഖങ്ങൾ ഞാൻ എന്റെ ശരീരത്തിൽ ചുമക്കുന്നു. എന്നാലും ദിവസം 8 മണിക്കൂർ ദൈവത്തിനായി വേല ചെയ്യാൻ ദൈവം കൃപ തരുന്നു. അതിരാവിലെ 4 മണിക്ക് ഞാൻ എണീറ്റു രാത്രി 9 മണിക്കു കിടക്കാൻ പോകുന്നു. BYM സ്ഥാപനത്തിൽ നിന്നു ഞാൻ വിരമിച്ചു. പക്ഷെ ദൈവവേലയിൽ നിന്നു ഞാൻ വിരമിച്ചിട്ടില്ല. ദൈവവേലക്കു വിരമിക്കൽ ഇല്ല. ദൈവത്തിനും അവന്റെ വാക്കിനും സാക്ഷിയായിരിക്കാൻ അവൻ എന്നെ ഓരോ ദിവസവും ബലപ്പെടുത്തുന്നു (അപ്പോ. 1:2). വളരെ എളുപ്പത്തിൽ പൊട്ടിപ്പോകുന്ന ഈ മൺപാത്രത്തിൽ സ്വർഗ്ഗീയനിധി ഉയിരുള്ളവരെ മറ്റുള്ളവർക്കു പകർന്നു കൊടുത്തുകൊണ്ടിരിക്കും (2 കൊരി. 4:7). **എനിക്കു കുറച്ചു ബലം മാത്രം ഉണ്ടായിരുന്നാലും** അവൻ എനിക്കുവേണ്ടി തുറക്കുന്ന വാതിൽ വഴി അവനെ ഉത്തമമായി സേവിച്ചുകൊണ്ടിരിക്കുന്നു (വെളി. 3:8). എന്റെ കയ്യിൽ അവൻ ഏല്പിച്ചിട്ടുള്ള **പേന**ക്കുവേണ്ടി അവനെ ഞാൻ സ്തുതിക്കുന്നു. കൊറോണ കൃമിയെക്കുറിച്ചുള്ള ഭയം എനിക്കും ഉണ്ട്. പക്ഷെ മരണഭയം അല്പവും എനിക്കില്ല. എന്തുകൊണ്ടെന്നാൽ എന്റെ യേശു എന്നെ അതിൽ നിന്ന് വിടുവിച്ചു കഴിഞ്ഞു. കർത്താവിന്റെ വീട്ടിൽ ഞാനെത്തിച്ചേരുന്നതുവരെ അവൻ എന്റെ ഇടയനായി എന്നെ വഴി നടത്തും (എബ്രാ. 2:14–15, സങ്കീ. 23:4,6). ദിവസം തോറും ഞാൻ ചെയ്യുന്ന പ്രാർത്ഥന എന്തെന്ന് നിങ്ങൾക്കറിയാമോ? ദൈവമേ എന്റെ കുട്ടിക്കാലം മുതൽ എന്നെ ഉപദേശിച്ചു വഴിനടത്തി. ഇതുവരെ നിന്റെ അതിശയങ്ങളെ ഞാൻ അറിയിച്ചുവന്നു. ഇപ്പോഴും ദൈവമേ ഈ തലമുറക്കു നിന്റെ ശക്തിയും വരാനുള്ള ജനങ്ങൾക്കു നിന്റെ വീര്യപ്രവർത്തികളെയും അറിയിക്കുവോളം വാർദ്ധക്യവും നരയും ഉള്ള

കലാത്തും എന്നെ കൈവിടരുതേ. മുതിർന്ന വയസ്സിൽ തള്ളരുതെ നര ഉള്ള കാലത്തും എന്നെ ഉപേക്ഷിക്കരുതേ. ബലം കുറയുമ്പോൾ എന്നെ കൈവിടരുതേ (സങ്കീ. 71:17–18) എന്നെ ഉത്സാഹപ്പെടുത്തുന്ന മരുന്നായി നിന്റെ വചനം എന്റെ ഉള്ളിൽ ഉണ്ട് (2 കൊരി. 13:4). യേശുക്രിസ്തു ബലഹീനതയിൽ ക്രൂശിക്കപ്പെട്ടിട്ടും ദൈവശക്തിയാൽ ജീവിക്കുന്നതുപോലെ തന്നെ നാമും അവനിൽ ബലഹീനർ ആയിരുന്നിട്ടും ദൈവത്തിന്റെ ശക്തിയാൽ നാം ജീവിക്കണം. കാലത്തിനുമുമ്പു ഞാൻ മരിച്ചു പോകാതിരിപ്പാൻ മരണഹേതുവായ എന്റെ ശരീരത്തെ ജീവിപ്പിച്ചു കൊണ്ടിരിക്കുന്ന പരിശുദ്ധാത്മാവിനായി ഞാൻ ദൈവത്തെ സ്തുതിക്കുന്നു (റോമ. 8:1). ഇനി മരണമില്ല–ദുഃഖമില്ല–നിലവിളിയില്ല– വേദനയില്ല എന്നിരിക്കുമ്പോഴം നാളയെ പ്രതീക്ഷിച്ചു ഞാൻ ജീവിക്കുന്നു (വെളി. 21:4).

## ഉപസംഹാരം

ആവശ്യമായ ബലമില്ലാതെ എന്റെ ജീവിതത്തിൽ ഞാൻ ബലഹീനമായിരിക്കുന്ന ഭാഗങ്ങൾ എന്റെ ജീവിതത്തിൽ എത്രയോ ഉണ്ട്. ഈ അസുഖങ്ങൾ എല്ലാത്തിനും യേശു മതിയല്ലോ. ക്ഷീണിച്ചിരിക്കുന്നവർക്കു ശക്തി നല്കുകയും ബലമില്ലാത്തവർക്കു ബലം വർദ്ധിപ്പിക്കുകയും ചെയ്യുന്ന അവന്റെ അടുത്ത് അപ്പോഴപ്പോൾ ഓടിപ്പോകുന്നു (യെശ. 40:29). എന്റെ പാത കഠിനമാകുമ്പോൾ എന്റെ സ്വന്തബലം എന്ന് ഏതെങ്കിലും ഉണ്ടായിരുന്നാലും അതും പ്രയോജനമില്ലാതെ പോകുന്നു (യെശ. 40:31). ദൈവത്തിന്റെ മുമ്പിൽ ഞാനിരിക്കുമ്പോൾ എന്റെ ബലം പുതുക്കപ്പെടുന്നു. ഉടൻതന്നെ കഴുകനെപ്പോൽ പറക്കാനും കുതിരയെപ്പോൽ ഓടാനും ഞാൻ തുടങ്ങുന്നു (യെശ. 40:31). ഞാൻ ബലമില്ലാത്ത പുഴുവായിരുന്നാലും ദൈവം എന്നെ ഭൂമിയെ പിളർക്കുന്ന ഒരു യന്ത്രമാക്കി മാറ്റുന്നു (യെശ. 41:14,15). സഹിക്കാൻ സാധിക്കാത്ത ധാരാളം പ്രശ്നങ്ങൾ എന്നെ കുലുക്കുന്നു. ഒരു പ്രാവശ്യം പൗലൂസ് പറഞ്ഞത് എന്റെ ഓർമ്മയിൽ വരുന്നു ജീവിച്ചിരിക്കുമോ എന്നു

നിരാശ തോന്നുമാറു ഞങ്ങൾ ശക്തിക്കുമീതെ അത്യന്തം ഭാരപ്പെട്ടു ഞങ്ങളിൽ തന്നെ അല്ല മരിച്ചവരെ ഉയർപ്പിക്കുന്ന ദൈവത്തിൽ തന്നെ ആശ്രയിപ്പാൻ തക്കവണ്ണം ഞങ്ങൾ മരിക്കും എന്നു ഉള്ളിൽ നിർണ്ണയിക്കേണ്ടിവന്നു (2കൊരി. 1:8–9). വിചാരപ്പെടുന്നതുമാതിരി എന്റെ ബലത്തെ ഊറ്റിക്കുടിക്കുന്ന പ്രശ്നം വേറെ ഒന്നുമില്ല. എന്നാലും കർത്താവിൽ സന്തോഷമായിരിക്കുന്നത് ആണ് എന്റെ ബലം (നെഹെ. 8:10). ഇപ്പോൾ എന്റെ ചെവികളിൽ വീഴുന്ന ശബ്ദം എന്തെന്നാൽ ബലഹീനനും തന്നെ ബലവാൻ എന്നു പറയട്ടെ **Let the weak say, I am strong** (യോവേ. 3:10).

---

# കർത്താവിൽ നിദ്ര പ്രാപിച്ചു


Mr. Ronald Herbert

മലബാർ ഡയോസിസ്, കോഴിക്കോട് സ്വദേശിയായ സഹോ. ഹെർബർട്ട് (Ronald Herbert) അവർകൾ ഏപ്രിൽ മാസം തന്റെ 87–ാമത്തെ വയസ്സിൽ അസുഖക്കിടക്കയിൽ വച്ച് തന്റെ ആത്മാവിനെ ദൈവത്തിന്റെ കയ്യിൽ ഏല്പിച്ചു. ഇവരുടെ കുടുംബം മുഴുവനും ധാരാളം വർഷങ്ങളായി എന്റെ മാസികയെ വായിക്കുകയും ദൈവവേലയെ താങ്ങുകയും ചെയ്തുകൊണ്ടിരിക്കുന്നു. ഇവർക്ക് 3 പെൺമക്കൾ അവർ ഓസ്ട്രേലിയയിൽ ജോലി ചെയ്യുന്നു. മൂത്തമകളുടെ ഭർത്താവ് മിസ്റ്റർ ജയൻ ക്രിസോസ്റ്റം അവർകൾ നല്ല ആത്മീകത്തിലും പള്ളിക്കാര്യത്തിലും കൂടുതൽ പ്രവർത്തിക്കുന്ന ആളായിരിക്കുന്നു. മിസ്റ്റർ ഹെർബർട്ടിന്റെ ഭാര്യ അവർകളെയും മക്കളെല്ലാവരെയും ദൈവം ആശ്വസിപ്പിക്കട്ടെ. മിസ്റ്റർ ഹെർബർട്ട് ജീവനോടിരുന്നപ്പോൾ ഭാര്യയും ഭർത്താവുമായി ഓരോരോ ദിവസവും രാവിലെ പാട്ടുപാടി പ്രാർത്ഥിക്കുന്ന ശീലം ഉണ്ടായിരുന്നു. ഇത് നല്ല സാക്ഷിയാണ്. ഞാനും എന്റെ ഭാര്യയും കുടുംബമായി ഈ കുടുംബത്തെ സ്നേഹിക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുന്നവരുമാണ്. ക്രിസ്തുവിന്റെ സമാധാനം ഈ കുടുംബത്തിലുള്ള എല്ലാവർക്കും എപ്പോഴും ഉണ്ടായിരിക്കുമാറാകട്ടെ.

# കൃപയോടുകൂടിയ അത്ഭുതം

എന്നെ പ്രാർത്ഥനയിലും പണംകൊണ്ടും താങ്ങി വരുന്ന വായനക്കാർക്കായി ഡോ. പുഷ്പരാജ് (ജാമക്കാരൻ) എന്ന ഞാൻ എന്റെ ബാങ്ക് ബാലൻസ് (Bank Balance) ജാമക്കാരൻ മാസികയിൽ പരസ്യപ്പെടുത്തുന്നത് പതിവ്. എന്നെ സഹായിക്കുന്ന വായനക്കാർ എന്നെക്കുറിച്ചും എനിക്കുവരുന്ന പണത്തെക്കുറിച്ചും എല്ലാം അറിയണം എന്ന ഭാരത്തിലാണ് ഇത് അറിയിക്കുന്നത്. എനിക്കു രണ്ടു ബാങ്കിൽ മാത്രം പണമിടപാട് ഉണ്ട്.

1. SBI, State Bank of India, Sree Renga Palayam Branch, Salem.
2. Canara Bank, Suramangalam Branch, Salem.

ഈ രണ്ടു ബാങ്കിലും 2023 മാർച്ചു മാസം വരെയുള്ള മിച്ചതുക നിങ്ങളുടെ അറിവിലേക്ക് സമർപ്പിക്കുന്നു.

PPO Number :

**Generally used abbreviations**

| | | |
|---|---|---|
| a/c = Account | dep = Deposit | Pr = Principal |
| adj - Adjustment | Dft = Draft | proc = Processing cha |
| Amt = Amount | dish/dsh = Dishonour | rd = Recurring Deposi |
| Ar = Arrear | DR = Debit | ret/rtn = Return |
| bal = Balance | DoB = Date of Birth | Rnd = Round of |
| Capn = Capitalization | eft = Electronic Fund Transfer | sb = Savings Bank |
| chg/ch = charge | Inop = Inoperative | SC = Short Credit |
| chq = Cheque | ins = Insurance | SI/So/SORD = Standir |
| Clos = Closure | int/in = Interest | S/D/W/H/o = Son/Dau |
| coll = Collection | lon/ln = Loan | tr/trf/xfer = Transfer |
| comm = Commission | min = Minimum | TT = Telegraphic Transfer |
| COR / CORR = Correction | os = Outstanding | txn = Transaction |
| CR = Credit | P & T = Postage & Telegram | Wdl = withdrawal |
| csh = Cash | Pos = Point of sale | +Mod bal = total balance (Sb+linked MOD a/c) |



भारतीय स्टेट बैंक Branch: SRIRAN[illegible]LAYAM (SALEM) State Bank of India Code: 1970
11/289, RAMKRISHNA ROAD, SALEM.

Email:SBI.01970@SBI.CO.IN
Phone No.: 2312794 Buss. Hrs:09:45:00-16:45:00
IFSC: SBIN0001970 MICR: 636002003

Name: DR PUSHPARJ M G E
S/D/H/o : MANGALAVADHANI MOP: SINGLE
CIF Number : 80611525258 A/c Opening Dt: 25/04/1998
Account No.: 10764116842 Nom Reg No: 0000000219132225
A/c Type : REGULAR SAVINGS BANK ACCOUNT Customer's PAN: ADEPM5593P
Address : 89 & 90, MAJEETH STREET, Date of Issue: 05/03/2022
OLD SURAMANGALAM CONTINUATION
SALEM -5, SALEM-TALUK
Phone No. : 04272387499
Email :
D.O.B.(If Minor): शाखा प्रबंधक Branch Manager

| | | | |
|---|---|---|---|
| 31.03.23 | UPI/CR/309046617228/STEVE MI/INDB/988411<br>693434162097<br>AT 00001 KOLKATA BRANCH | 1000.00 | 31982.57 CR |
| 31.03.23 | UPI/CR/309051445419/JOHN RAJ/RATN/984083<br>695206162092<br>AT 01970 SRIRANGAPALAYAM (SALEM) | 5791.00 | 37773.57 CR |
| 31.03.23 | NEFT IOBAN23090669991 | 500.00 | 38273.57 CR |

31-03-23........................................Balance Rs. 38273 57

Nominee Name: Nominee RegNo:

केनरा बैंक Canara Bank



NAME AND ADDRESS OF BRANCH:
SALEM SURAMANGALAM
CANARA BANK
58, POST OFFICE,MAIN ROAD
SURAMANGALAM
SALEM
TAMIL NADU-636005
IFSC Code:CNRB0001219 MICR Code: 636015005
Tel No:9489043430 Fax No:1
Email ID:cb1219@canarabank.com

Contact details of Banking Ombudsm
The Banking Ombudsman
C/o. RBI
Fort Glacis
Chennai
Chennai-600001
Tel.No.0000/0000
Fax.No.0 Email ID:bochennai@rbi.org.in

ACCOUNT DETAILS: Account No:1219101013622
NAME(S) PUSHPARAJ M.G.E

Occupation X - not categorized
Address 89 90 MAJID STREET,OLD SURAMANGALAM ,SALEM-636005-TAMIL NADU-INDIA PIN/ZIP number: 636005

Customer ID : 27605332 D.O.B : 13-NOV-1941
A C Opened On 16-MAY-1987
Mode of Operation:SELF PB Issue Date:20-SEP-2021
Mobile:919894261333 Email:

कृते केनरा बैंक For Canara Bank

खाता सं A/c No.

| क्रम सं. Sl. No. | तारीख Date | विवरण Particulars | चेक संख्या Ch No. | निकासी Withdrawals | जमाराशियाँ Deposits | शेष Balance | आद्याक्षर Initials |
|---|---|---|---|---|---|---|---|
| 01 | | 1219101013622 | | | | | |
| 02 | | | | | | | |
| 03 | | Balance B/F | | | | 29949.49 | |
| 04 | 26/03/2023 | SMS CHARGES ON ACTUAL | | 7.00 | | 29942.49 | |
| 05 | | BASIS | | | | | |
| 06 | 29/03/2023 | MB/1123101042002/RATH | 99900000 | | 2000.00 | 31942.49 | |
| 07 | | NA SINGH CHRISTO/1219 | | | | | |
| 08 | | 101013622/DR PUSHPARA | | | | | |
| 09 | | J/CANARA/offering/843 | | | | | |

25-03-2022.............................................................................................Balance 31942 49

മുകളിലുള്ള രണ്ടു ബാങ്കിലെ ബാലൻസ് തുക വളരെ കുറവായി കാണപ്പെടുന്നു. ഇനി വരുന്ന ദിവസങ്ങളിൽ ജാമക്കാരൻ മാസിക മാസം തോറും തമിഴ് & മലയാളം രണ്ടു ഭാഷകളിലും പ്രിന്റ് ചെയ്യാനുള്ള പ്രിന്റിംഗ് പ്രസ് ചെലവ് – പേപ്പർ ചെലവ് – മാസിക അയക്കാൻ ഉള്ള സ്റ്റാമ്പ് ചിലവുകൾ. മാസിക കവറിൽ ഇടുവാൻ വേണ്ടി കവർ ഉണ്ടാക്കുന്ന കമ്പനിക്കു കൊടുക്കുന്ന ചിലവ് എന്റെ ജാമക്കാരൻ ഓഫീസിൽ ഉള്ള കമ്പ്യൂട്ടർ ഉപയോഗിക്കുന്ന ജീവനക്കാരുടെ ശമ്പളം, ഇനിയും പോസ്റ്റ് ഓഫീസിൽ

എത്തിക്കാനുള്ള വാഹനം ചിലവ്, അഡ്രസ് സ്റ്റിക്കറും സ്റ്റാമ്പും ഒട്ടിക്കാനുള്ള ആളുകളുടെ കൂലിച്ചിലവ് ഇതെല്ലാം എങ്ങനെ കിട്ടും? എന്നു പലർക്കും ചോദ്യം ഉണ്ടാകും. ഈ മാസിക ദൈവവേല എന്റെ കയ്യിൽ ഏല്പിച്ച എന്റെ ദൈവം ഇതുവരെ പണത്തിൽ ഒരു കുറവും കടവും ഉണ്ടാകാതെ സൂക്ഷിച്ചു കൊള്ളുന്നു. ഇതു ദൈവം കഴിഞ്ഞ 45 വർഷങ്ങളായി പതിവായി ചെയ്യുന്ന **കൃപയുള്ള അത്ഭുതം** ആകുന്നു. കൊറോണ രോഗ കാലത്തിലും മുടങ്ങാതെ അയച്ചുകൊണ്ടിരുന്ന മാസിക ജാമക്കാരൻ തന്നെ.

ആ കൃപയെ അതുപോലെ തന്നെ പണത്തിൽ കുറവില്ലാതെ ഇനിയും തുടരും എന്നു ഞാൻ കർത്താവിൽ വിശ്വസിക്കുന്നു. കർത്താവു എന്നെ ജീവനോടെ വച്ചു മാസിക തുടരാൻ അനുവദിക്കുന്നതുവരെ ജാമക്കാരൻ മാസികയും തുടർന്നു പ്രസിദ്ധീകരിക്കപ്പെടും. അതോടൊപ്പം ഓരോരോ ആഴ്ചയും സുവിശേഷപ്രസംഗ ദൈവവേലയും തുടരും എന്നു കർത്താവിൽ വിശ്വസിക്കുന്നു.

23 വർഷത്തിനുമുമ്പ് എന്റെ ഹൃദയത്തിൽ മൂന്നു ബ്ലോക്കുകൾ ഉണ്ടായിരുന്നു. അത് ഓപ്പറേഷൻ ചെയ്തു നീക്കാതെ തന്നെ Stent വച്ച് ഓപ്പറേഷൻ ഇല്ലാതെ ഡോക്ടർമാർ എന്നെ സഹായിച്ചു. ഇതുകൊണ്ട് 15 വർഷം നിങ്ങൾ ജീവിക്കാൻ സാധിക്കും എന്നു ഡോക്ടർമാർ പറഞ്ഞു. ഇപ്പോൾ സ്റ്റെന്റ് വച്ച് 22 കൊല്ലങ്ങൾ ആകുന്നു. ദൈവം ഡോക്ടർ പറഞ്ഞതിനെക്കാൾ 2023 വരെ ബോണസ്സായി 7 വർഷങ്ങൾ കൂട്ടിത്തന്നിരിക്കുന്നു. അതുപോലെ വേദപുസ്തകത്തിൽ മനുഷ്യൻ ജീവിക്കാൻ ദൈവം തന്ന ആയുസ്സും 70 വർഷം ഏറെ ആയാൽ 80 വർഷം (സങ്കീ. 90:10). ഇപ്പോൾ എനിക്ക് 83 വയസ് കഴിഞ്ഞിരിക്കുന്നു. ഇതൊക്കെ കൃപ കഴിഞ്ഞ് ബോണസ്സായി ദൈവം നല്കിയ വർഷങ്ങളിൽ ഓരോരോ ദിവസവും ഞാൻ ജീവിച്ചു കൊണ്ടിരിക്കുന്നു. ബോണസ്സിനും ആയുസ്സിനും ഒരു അവസാനം ഉണ്ട്. അതിനായി ഞാൻ ആകാംഷയോടെ കാത്തിരിക്കുന്നു. ദൈവം നിങ്ങളെ എല്ലാപേരെയും അനുഗ്രഹിക്കട്ടെ.

കഴിഞ്ഞ രണ്ടുമാസമായി സഹോ. ആർ. സ്റ്റാൻലി അവർകളുടെ സാക്ഷിയെ ജാമക്കാരനിൽ നിങ്ങൾ വായിച്ച പ്രകാരം അടുത്തടുത്തു ഒന്നുപോയി മറ്റൊന്ന് എന്ന് ശരീരത്തിലെ പല അവയവങ്ങൾ ബാധിക്കപ്പെട്ട സ്ഥിതിയിൽ അദ്ദേഹം താഴെപ്പറയുന്ന വചനങ്ങളെ ഓർത്ത് ആശ്വാസവും ബലവും പ്രാപിച്ചു.

**"ജീവനോടിരിക്കുമോ എന്ന് നിരാശ തോന്നുമാറ് ഞങ്ങൾ ശക്തിക്കുമീതെ അത്യന്തം ഭാരപ്പെട്ടു. അതേ, ഞങ്ങളിൽ അല്ല, മരിച്ചവരെ ഉയർപ്പിക്കുന്ന ദൈവത്തിൽ തന്നെ ആശ്രയിപ്പാൻ തക്കവണ്ണം ഞങ്ങൾ മരിക്കും എന്നു ഉള്ളിൽ നിർണ്ണയിക്കേണ്ടി വന്നു" (2 കൊരി. 1:8-9).**

**"യഹോവയിങ്കലെ സന്തോഷം നിങ്ങളുടെ ബലം ആകുന്നുവല്ലോ" (നെഹെ. 8:10).**

**APRIL-2023**

# Printed Book (Periodical)

**RNI Reg. No. TNBIL/2016/70171**

**Annual Subscription:**
**India - Rs.60/**
**Foreign - Rs.600/**

**Return Requested:**

**Dr.PUSHPARAJ**
**SALEM - 636 005**
**INDIA.**

Printed at P.M.Press,168,Arumuga Nagar, Salem-636 015
Edited & Published by **Dr.Pushparaj,** 89.Majeeth Street,
Old Suramangalam, Salem - 636 005. Tamil Nadu.INDIA.